


# SMILEY FONTS




## സെന്റ് .പോൾസ് ജി .എച്ച്.എസ്സ്

## വെട്ടിമുകൾ

## ഡിജിറ്റൽ മാഗസിൻ 2020

## എഴുത്തും വരയും

## എഴുത്ത്

അക്ഷയ സി. ബാബു

ആരതി അജി

ശ്രീലക്ഷ്മി

ധനലക്ഷ്മി

സാനിയ കുര്യൻ

തനൂജ അഭയൻ

ഗായത്രി ജെ

മിനു


നയന പ്രസാദ്

സാനിയ തങ്കച്ചൻ

ജിയാ സുനിൽ

സാനിയ റെജി

ഭാനുപ്രിയ



## വര

അക്ഷയ് സുരേഷ്

സാരംഗി

ജെനിഫർ ഏലിയ ജോസ്

ഗായത്രി

# ഉള്ളടക്കം

സ്കൂൾ ഒറ്റനോട്ടത്തിൽ........................................5
എഡിറ്റോറിയൽ........................................6
ഞങ്ങളുടെ സാരഥി........................................7
ലിറ്റിൽ കൈറ്റ്സ് പ്രവർത്തകസമിതി........................................8
ലിറ്റിൽ കൈറ്റ്സ് പരിശീലനം........................................9
ഞാൻ കണ്ട മഴക്കാഴ്ചകൾ........................................10
പ്രധാന സംഭവങ്ങളിലൂടെ ........................................11
കുഞ്ഞുവരകൾ........................................14
അമ്മ മലയാളം........................................15
ആദിത്യൻ........................................16
ഗദ്യ കവിത........................................17
സ്നേഹം........................................18
കിനാവുകൾ........................................19
അമ്മ........................................20
രാധയുടെ പൂക്കൾ........................................21
അനുഭവകുറിപ്പ്........................................22
മായാലോകം........................................23
സൈബർലോകം........................................25
എന്റെ വീട്........................................26
യാത്രാവിവരണം........................................27
കടൽ........................................29
കായിക വിദ്യാഭ്യാസവും കുട്ടികളും........................................30
പെലിക്കൺ പക്ഷി"........................................31
എന്നു വരും........................................32
എന്റെ വിദ്യാലയം........................................33
തീരാ നഷ്ടം........................................34
അമ്മയുടെ ശകാരം........................................35
വിദ്യാലയം എന്റെ മായാലോകം........................................36
നവകേരളനിർമ്മിതിയിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക്........................................38
സഹജീവികളോടുള്ള കരുണ........................................40
എന്റെ യാത്ര........................................41

സ്ത്രീ കുടുംബത്തിലും സമൂഹത്തിലും....42
ഇളം നാമ്പുകളിലൂടെ യുഗപിറവി....45
അതിജീവനം....46
എന്റെ ബാല്യകാല സ്മരണകൾ....48
കാത്തിരിപ്പ്....49
നന്ദിപൂർവ്വം....51



**ഡിജിറ്റൽ പൂക്കളം**



# സ്ക്കൂൾ ഒറ്റനോട്ടത്തിൽ

Name of the school : St. paul's GH.S. Vettimukal
Established year : 1917
Revenue District : Kottayam
Ednl district : Pala
Sub district : Ettumannoor
School management Type:Aided
Management : Vijayapuram corporate
School Level : 1 to 10
Medium of Instruction : Malayalam & English
No. of staff : 40

**അംഗീകാരങ്ങൾ : S S L C യ്ക്ക് തുടർച്ചയായ 100% നിരവധി full A+ ഗ്രേഡുകൾ ,കലാകായികരംഗത്ത് സംസ്ഥാന ദേശീയതല പുരസ്കാരങ്ങൾ.**

# എഡിറ്റോറിയൽ

‘SMILEY FONTS’– വെട്ടിമുകൾ സെന്റ്. പോൾസ് ഗേൾസ് സ്കൂളിന്റെ ക്ലാസ്സ്മുറികളിൽ നിന്നുയിർത്തെഴുന്നേറ്റ അക്ഷരങ്ങളാണ്. കുട്ടികൾ മറ്റു പതിപ്പുകളിൽ നിന്നും അനുകരിക്കാതിരിക്കാൻ ഓരോ ക്ലാസ്സ് ടീച്ചേഴ്സിന്റെയും നേതൃത്വത്തിൽ സ്വന്തം ക്ലാസ്സ് മുറികളിലിരുന്നു എഴുതിയവയാണ് ഓരോ രചനകളും. അതുകൊണ്ട് ഓരോ കുട്ടിയുടെയും ഹൃദയത്തിൽ തൊട്ടറിഞ്ഞ ‘ SMILEY FONTS’ ആണ് അധികവും . ‘ SMILEY FONTS’ എന്ന ഈ ഡിജിറ്റൽ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗാത്മക കഴിവുകൾപുറം ലോകത്തേക്ക് എത്തട്ടെ........

# ഞങ്ങളുടെ സാരഥി



It is the language computing activities that give shape to digital- magazine preparation in schools. It portrays the freedom to think-beyond the realm of art, for students to explore possibilities and venture in to the unseen domain

My heartiest congratulations to Mrs.Lucy M.J and Mrs.Lini Jose co-ordinators of Little kites, staff as well as students who acted behind the curtain for an enriching magazine -SMILEY FONTS being brought out with such grandeur.

**With Best Wishes,**

**sincerely**
**Headmistress**
**Sr. Berly George**

# ലിറ്റിൽ കൈറ്റ്സ് പ്രവർത്തകസമിതി







Lini Jose

Lucy M.J





സേതുലക്ഷ്മി


നിവ്യ സന്തോഷ്


# ലിറ്റിൽ കൈറ്റ്സ് പരിശീലനം












# മഴവിവരണം



## ഞാൻ കണ്ട മഴക്കാഴ്ചകൾ.

ഒരു ദിവസം മഴ വന്നപ്പോൾ ഞാൻ മഴയത്ത് കളിക്കാൻ പോയി. നല്ല തണുപ്പുള്ള മഴ. നല്ല ഭംഗിയുണ്ടായിരുന്നു. മഴ പെയ്തപ്പോൾ ഉണങ്ങിയ ചെടികൾക്ക് വെള്ളം കിട്ടി. നല്ല കാറ്റും ഇടിയും മിന്നലും ഉണ്ടായിരുന്നു. അപ്പോൾ ഞാൻ വീട്ടിലേക്ക് ഓടിപ്പോയി. കുറച്ച് കഴിഞ്ഞ് മഴ മാറി. ഞാൻ ഉടുപ്പ് മാറ്റിയശേഷം മുറ്റത്തേക്കിറങ്ങി മരത്തിന്റെ ചുവട്ടിൽ ചെന്ന് മരം കുലുക്കി. അപ്പോൾ എന്റെ ദേഹത്ത് മഴത്തുള്ളി വീണു. എനിക്ക് തണുക്കുന്നുണ്ടായിരുന്നു. കുറച്ചുകഴിഞ്ഞപ്പോൾ മഴവില്ല് വന്നു. അന്ന് നല്ല മഴയായിരുന്നു.



ശിവദേവ് കെ. സി.

3 c

# പ്രധാന സംഭവങ്ങളിലൂടെ .........




FULL A+




9 A+




## വായനയുടെ വാതായനം

# ലിറ്റിൽ കൈറ്റ്സ്








റെഡ് ക്രോസ്

ഗൈഡിംങ്

# ശാസ്ത്രമേള





# ഹിരോഷിമ ദിനം

# കുഞ്ഞുവരകൾ














# അമ്മ മലയാളം




മലയാളമേ.......അമ്മമലയാളമേ
മാതൃസ്നേഹത്തിൻ അടയാളമേ.
സൂര്യനായി തഴുകി ഉണർവ്വുപകരും
മലയാളമേ....... അമ്മ മലയാളമേ
നിന്റെ വാൽസല്യകോമളതയിൽ
ഞാൻ ലയിച്ച നാളുകൾ എത്ര?
അമ്മേ നിന്റെ ചാരേയെത്താ
ഞാൻ കൊതിച്ച നാളുകൾ എത്ര?
ഇന്ന് നീ എൻ അരികിൽ ഇരിക്കേ
നിൻ വർണ്ണം മാറുന്ന മറ്റു ഗോപുരങ്ങളി
ഞാൻഉയരാൻ ശ്രമിക്കുന്നു.
ഉയർച്ചകളിൽനിന്ന് ഉയർച്ചകളിലേക്ക്ഞാൻ
പായുമ്പോൾ നിൻ കൈത്താളം
ഭാഷയിൽ നിന്ന് അറിയാതെഞാൻ കൈവിട്ടു പോകുന്നു
മാനവരാശിയുടെ മഹത്തായ ഈടുവെയ്പ്പേ
നീ എന്നിൽ നിന്ന് അകലല്ലേ....................

റീത്ത രാജൻ

10 B



# ആദിത്യൻ

നിന്റെ കിരണങ്ങളാൽ നീ
ഭൂമിയുടെ വന്ധ്യത ഇല്ലാതാകുന്നു
നിന്റെ ശക്തിയിൽ നിലകൊള്ളുന്ന ഞങ്ങൾ
നിന്നെ ദൈവമായി കരുതുന്നു
നിന്റെ പ്രഭാ ഞങ്ങൾക്ക് വിഭൂതി
നിന്റെ പ്രകശം ഞങ്ങൾക്ക് ഊർജം
നിന്റെ അസ്തമയവും ഉദയവും
ഞങ്ങൾ സ്വർഗതുല്യം
ആകാശത്തൊരു അഗ്നിഗോളമായി
നിലകൊള്ളുന്ന നീയെന്നും...



അഞ്ജന സജി

8 B



# ഗദ്യ കവിത

ഞാൻ എൻ പടിവാതിൽ നിൽക്കുമ്പോൾ



കൊഞ്ചുമൊരു മഴ തുള്ളി എന്നെ തൊട്ടു
ഞാൻ നോക്കുമ്പോൾ അത് വീണ്ടും വീണ്ടും
എൻ അരികിലെത്തി. അത് ഒന്നായി, രണ്ടായി
പിന്നീട് അത് ഒരു വലിയ പെരുമഴയായി മാറി.
മനസ്സിനെകുടുക്കുന്ന ഇടിനാദങ്ങളുടെ ശബ്ദം
കാതിനിമ്പമേറുന്ന മഴത്തുള്ളികളുടെ ശബ്ദം
അത് എന്നെ സന്തോഷഭരിതയാക്കി.

അനിറ്റ് സിബി
8B



# സ്നേഹം

ഈ  മഞ്ഞിൽ പൊലിക്കുന്ന സ്നേഹം
ഈ  മഞ്ഞിൽ അലിയുന്ന    സ്നേഹം
ഈ  മണ്ണിൽ  വിടരുന്ന       സ്നേഹം
ഈ  മായിൽ മറയുന്ന        സ്നേഹം



ജീവന്റെ വിത്തു പാകിയ സ്നേഹം
ഈ വസന്തത്തിൽ നിറയുന്ന സ്നേഹം
ഈ കാറ്റുപോൽ പടരുന്ന സ്നേഹം
ഈ വള്ളിയിൽ പൂക്കുന്ന സ്നേഹം
ഈ മാവിലെ മാമ്പഴം സ്നേഹം
ഈ മുല്ലയിൽ വിരിയുന്ന സ്നേഹം
സ്നേഹമില്ലാത്തൊരു കല്ലുമാത്രം
അതു മനുഷ്യഹൃദയങ്ങൾ മാത്രം

ജ്യോതിക രാജീവ്

8B



# കിനാവുകൾ



ആയിരം കിനാവുകൾ കൊണ്ട്
ഒരുവൻ ജീവിതം പണിതിടുന്നു
അതിനായി അവൻ തന്റെ
സുഖങ്ങളെ കിനാവുകളാക്കി മാറ്റിടുന്നു

കിനാവുകൾ കൊണ്ട് ഒരുവൻ
മനസ്സിൽ വർണ്ണക്കൊട്ടാരം സൃഷ്ടിക്കുന്നു
ഇത്തരം ചിന്തകൾ മനസ്സിലെ
കിനാക്കളെ ദുരാഗ്രഹമായി മാറിടുന്നു

ആകാശത്തെ പോലെ ഉയരുവാൻ
ഒരുവൻ ദുരാഗ്രഹം മൂലം ആശിക്കുന്നു
എന്നാൽ ദുരാഗ്രഹങ്ങൾ ഒരുവനെ
ഭൂമിയെക്കാളും താഴ്ത്തി ദു:ഖിപ്പിക്കുന്നു

സ്നേഹ റോയി

8C



# അമ്മ



**ചുണ്ടിൽ മാധുര്യമായ്**

ചിരി വിടർത്തി
എൻ അരികിൽ
വരുമെൻ അമ്മ

അഗ്നിഗോളമാർന്ന
സൂര്യൻ പ്രത്യക്ഷപ്പെടും മുമ്പ്
കിളിനാദം കേൾക്കും മുമ്പ
എഴുന്നേല്ക്കുമെൻ അമ്മ

ജീവിതമാകുന്ന സുഖദു:ഖങ്ങളിൽ
തലയിടുമ്പോൾ പരിഭവിക്കാതെ
എൻ കുടുംബം മാത്രം മതി
എനിക്ക് എന്ന് ചിന്തിക്കുമെൻ അമ്മ

മാനത്തുവിരിയുന്ന നക്ഷത്രങ്ങൾ പോലെ
പ്രകാശം നൽകുന്ന സൂര്യനെപ്പോലെയും
പ്രഭചൊരിയുന്ന മാണിക്യമാണെൻ അമ്മ
വാത്സല്യ കരങ്ങളും ഓമനവാക്കുകളും
പറഞ്ഞ് പറഞ്ഞ്മാറോടു ചേർക്കുമെൻ അമ്മ

ലോകം അറിയാൻ
വിദ്യാഭ്യാസം നേടാൻ
നല്ല ഭാവി കണ്ടെത്തുവാൻ
തൻ കുഞ്ഞിനെ പ്രോത്സാഹിപ്പിക്കുമെൻ അമ്മ
അമ്മയെൻ ജീവിതംഅമ്മയെൻ സ്നേഹം



അമ്മയെൻ ചലനം എൻ അമ്മ മാത്രം മതി....

ഡോണാ മാത്യു , 8B

# രാധയുടെ പൂക്കൾ



ഒരുപാട് പൂക്കളെ സ്നേഹിക്കുന്ന വ്യക്തിയായിരുന്ന രാധ. രാധയുടെ വീട്ടിലും അവൾ പൂക്കൾ നട്ടുവളർത്തിയിരുന്നു. ഒരുദിവസം അവൾ ഒരുമാതിരി നല്ല കാശ് കൊടുത്തു ഒരു ചെടി മേടിച്ചു. നല്ല മണവും നല്ല നിറയുള്ള പൂവായിരുന്നു അത്. അവൾ അത് തന്റെ അയൽക്കാരിയെ കാണിക്കാൻ വേണ്ടി അവർക്ക് അസൂയ തോന്നാൽ വേണ്ടി അമതിലിനോട് ചേർത്ത് വച്ചു. അവൾ ദിവസവും വെള്ളവും വളവുമെക്കെ ഒഴിക്കുമായിരുന്നു. പക്ഷെ പൂക്കളൊന്നു മുണ്ടാകുന്നില്ല. അവൾ ഒരുദിവസം തുരു മാനിച്ചു. ഇത് വെട്ടികളയാമെന്ന്. അപ്പോൾ അവളുടെ അയൽക്കാരി വന്ന് പറഞ്ഞു. രാധ നന്ദി നിന്റെ പൂവ് എന്റെ മനസ്സിന് സന്തോഷം നൽകുന്നു. അങ്ങനെ അവൾമതിലിന്റെ അപ്പുറത്ത് ചെന്ന് നോക്കുന്നു. അവിടെ തന്റെ പുഷ്പ്പങ്ങൾ വിടർന്നു മണമുള്ളതായി അവിടെ നിൽക്കുന്നു.



ദയാ മോൾ അനിൽ

8

# അനുഭവകുറിപ്പ്

ഒരു പുലർച്ചെ സമയം ഏകദേശം 7:00 മണി. ആ ദിവസം എനിക്ക് ഏറ്റവും കൂടുതൽ ദു:ഖം നിറഞ്ഞതായിരുന്നു. ഒരു വിദ്യാർത്ഥി എന്ന നിലയിൽ എനിക്ക് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. എന്റെ പിതാവ് ഏറ്റുമാനൂർ മുൻസിപ്പാലിറ്റിയിലെ കൗൺസില്ലറാണ്. പലരും കൊലയാളിയെന്നും പ്രതിയെന്നും പറയുമ്പോൾഎന്റെഅച്ഛൻപുറമേചിരിക്കുമായിരുന്നു. പക്ഷെ ഇരുട്ടുമ്പോൾ അച്ഛൻ ഒറ്റയ്ക്കാവുന്നതുപ്പോലെ. പത്രങ്ങളിലെല്ലാം വാരിവിതറി എഴുതിയിരുന്നു. ഞാൻ ഭയന്നിരുന്ന എന്റെ അച്ഛൻ ജയിലിലാവുമോ എന്ന് ? ചെയ്യാത്തകുറ്റത്തിന് വെറുതേ.......

അന്നെനിക്ക് പഠിക്കാൻ കഴിഞ്ഞിരുന്നില്ല. അന്നെനിക്ക് എട്ടു വയസ്സ്. എന്റെ അമ്മ മുൻസിപ്പാലിറ്റിയിൽ എന്റെ അനിയത്തിയുമായി കേറിയിങ്ങിയിരുന്നു. എനിക്കത് വളരെ സങ്കടം തോന്നിയിരുന്നു. "ഈ മനുഷ്യരെല്ലാം എന്താ ഇങ്ങനെ"?എന്ന ചോദ്യം ഞാൻ എന്നോടു തന്നെ ചോദിക്കുമായിരുന്നു. എന്റെ ക്ലാസ് എനിക്ക് പലപ്പോഴുമായി നഷ്ട്പ്പെട്ടു കൊണ്ടിരുന്നു.അപ്പോഴും എന്റെ അമ്മ എന്നോടു പറയുമായിരുന്നുഇതൊന്നുമോർത്ത് നീ വിഷമിക്കണ്ടാട്ടോ...........

നീ നിന്റെ പഠിത്തം ശ്രദ്ധിക്കണം. അമ്മ ചിരിച്ചോണ്ടാണതു പറയുന്നതെങ്കിലും അമ്മയുടെ ഉള്ളിന്റെയുള്ളിൽ എവിടെയോ ഒരു സങ്കടം ഉറങ്ങുന്നണ്ടായിരുന്നു. ഇപ്പോഴും എന്റെ പിതാവിന്റെകേസുകൾ നടന്നോണ്ടിരിക്കുന്നു. എല്ലാവരും കൈയൊഴിഞ്ഞോ എന്നൊരുപേടി. പക്ഷെ ദൈവം കൂടെയുണ്ടെന്നുറപ്പിച്ച് എന്റെ അച്ഛൻ പറഞ്ഞു. "എന്തുവന്നാലും എനിക്കൊന്നും സംഭവിക്കില്ല."



അനാമിക. വി

6C

# മായാലോകം

മാറ്റങ്ങൾ അതിവേഗം സൃഷ്ടിക്കപ്പെടുന്നു, ഏത് പ്രയാസമേറെവേണ്ടിവരുന്ന കാര്യങ്ങളും വിരൽത്തുമ്പിന് കീഴിൽ ഒരു ബട്ടൺ അമർത്തുന്ന സമയപരിധിയിൽ
ലഭ്യമായിരിക്കുന്നു. ഡിജിറ്റൽ ലോക
ക്കുന്നു. കണ്ണു,
കാതും, എന്തിന് സർവ്വവും വ്യാപ
ഡിജീറ്റൽ
ലോകത്തിന്റെഒഴുക്കില്പ്പെട്ടിരിക്കുന്നു.
ങ്ങൾപോലെ
ഫലദായകവും,എന്നാൽ സൂക്ഷിച്ചു
ന തന്നെ
അഗാധമായ ഗർത്തത്തിലേക്ക് ന
ള്ള ആയുധം




കൂടിയാക്കുന്ന ഡിജിറ്റൽ സംവിധാനങ്ങൾ ആദ്യം കയ്പ്പും പിന്നിട് മധുരിക്കും എന്ന ചൊല്ല് ഇതിന്റെ കാര്യത്തിൽ ഭൂരിഭാഗം സമയത്തും നേരെ മറിച്ചാണ് വരാറുള്ളത്. അബദ്ധത്തിന്റെയും, വഷളത്തത്തിന്റെയും,മായാത്തകറ പിഞ്ചുജീവിതങ്ങളിൽ പുരളുന്നതുംഇവിടെനിന്നുതന്നെയാണ്.ഇതിനെവേണ്ടവിധത്തിൽ ക്രമാനുസൃതമാം വിധം എപ്രകാരം വിനയോഗിക്കാം?ദോഷങ്ങളെവ? ഗുണങ്ങളെവ? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുക എന്നതാണ് ഏറ്റവും അനിവാര്യമായി വേണ്ടത്. എന്തിന്റെയും, ഏതിന്റെയും സിദ്ധി തിരിച്ചറിയാണല്ലോ. കാലക്രമേണ നാം ഡിജിറ്റൽ സമൂഹമായിതീരുമ്പോൾഅവിടെ പുതുപത്തൻ ആശയങ്ങൾ ലഭ്യമാകും.അതാണ് ഇതിന്റെ ആദ്യഗുണം. എത്അവസരത്തിലുംഎവിടെയും,ഏറ്റവും വിപുലവും ഗ്രഹിക്കുവാൻ എളുപ്പവുമുള്ള രീതിയിൽ അറിവുകൾ എത്തിക്കുന്നതാണ് ഇതിന്റെ രണ്ടാമാത്തെ ഗുണം . കാണാത്ത കാര്യങ്ങളെക്കുറിച്ച് അറിയിക്കുന്നത് കൊണ്ട് ഇത് വിജ്ഞാന സമ്പാദനത്തിന് അതിസഹായകമാകുന്നു. പൊതുവെ സമയലാഭം ഇതിലൂടെ കൈലരിക്കാൻ സാധിക്കുന്നു. അതുതന്നെയാണ് ഡിജീറ്റൽ ലോകത്തിന്റെ സവിശേഷത . ഒന്നിനും, എവിടെയും ,ആരെയും കാത്തിരിക്കണ്ട. എല്ലാം ഞൊടിയിട നേരത്തിനുള്ളിൽകൈവെള്ളയ്ക്കുള്ളിൽ. ഡിജിറ്റൽ സംവിധാനത്തിലൂടെ എവിടെയും പണമില്ലാതെ യാത്രചെച്ചാനും, സാധനങ്ങൽ വാങ്ങുവാനും സാധിക്കുന്നു. സ്വരുക്കൂട്ടിവയ്ക്കുന്ന പണം ഒരേ സമയം തന്നെ കൊണ്ട്പോയി നിക്ഷേപിക്കുന്നതിൽ കൈയ്യിൽ പണമില്ലായെങ്കിലും ഒരു കാർഡിന്റെ ഉപയോഗത്തിലൂടെഎല്ലാം സാധ്യമായി കിട്ടുന്നു. അങ്ങനെ

വ്യക്തിജീവിതം കൂടുതൽ ഉയരത്തിലേക്ക് എത്തിച്ചേരുന്നു. ജീവിതരീതിയിൽ മാറ്റം വരുന്നു. ഇവയൊക്കെതന്നെയാണ് ഡിജിറ്റൽ ലോകത്തിന്റെ ഗുണങ്ങൾ.എന്നാൽ വേണ്ടവിധത്തിൽ ഇവയുടെ ഉപയോഗം നടക്കാതെ വരുമ്പോൾഅവിടെക്രമക്കേടുകൾസൃഷ്ടിക്കപ്പെടുന്നു.കൂടുതലായുംപണത്തട്ടിപ്പ്,മുത ലായവയാണ് ഇതിന്റെ ദൂഷ്യഫലങ്ങൾ നിക്ഷേപിക്കുന്നവരുടെ പണം മറ്റൊരാൾകൈവശപ്പെടുത്തുന്നു. അതും അയാളുടെ അറിവോ, സമ്മതമോ, കൂടാതെ. ഒന്നും കണ്ടുപഠിക്കേണ്ടതിന്റെ ആവശ്യകത വരുന്നില്ല അല്ലെങ്കിൽ അറിഞ്ഞ് പഠിക്കേണ്ടതായി വരുന്നില്ല എന്നത് കൊണ്ട് തന്നെ അത് ഉത്തമ വിദ്യാഭ്യാസരീതിയിലായി പരിണമിക്കുന്നില്ല, മനുഷ്യസംഭാഷണം കുറയുന്നു, അതിലൂടെ കാല, മോണം, പീഡനം, സൈബർ ആക്രമണങ്ങൾ മുതലായവയ്ക്ക് വ്യക്തികൾ ഇരയാകപ്പെടുന്നു. ഇതെല്ലാം തന്നെ ഈ ഡിജിറ്റൽ ലോകത്തിന്റെ ദൂഷ്യഫലങ്ങളാണ്. പണത്തട്ടിപ്പ് മുതലായവയ്ക്ക് ഇരയായവർ സ്വജീവിതം നശിപ്പിച്ചുകളയുന്നു. അതിലൂടെ വരും തലമുറ നാശത്തിന്റെ കുഴിയിൽ നിലാപതിക്കുന്നും. ഡിജിറ്റൽ ആകുംതോറും. സംസ്കാരം മാറിയറിയും, അപ്പോൾ സമൂഹസമാധാന അന്തരീക്ഷം മാറ്റപ്പെടും. കലഹം കൈവരും. ആരോഗ്യം തീരെയില്ലാത്ത ഒരു പുതുതലമുറ സൃഷ്ടിക്കപ്പെടും, കണ്ടും, കേട്ടും, ചൊല്ലിയും പഠിക്കേണ്ട പാഠങ്ങൾ തലമുറ ഡിജിറ്റൽ സ്ക്രീനിലൂടെ കണ്ടുപഠിക്കുന്നതിനാൽ പ്രകൃതിയിൽ നിന്നും അകലും കൂടതെ അവരുടെ മൂല്യങ്ങൾ ഇല്ലാതെയാക്കും ഇവയൊക്കെയാണ് ഡിജിറ്റൽ ലോകം ഒരുക്കുന്ന മറുവശത്തെ വിപത്തുകൾ.

ഒരേ സമയം രണ്ടുവിധത്തിൽ ഡിജിറ്റൽ ലോകം നിലകൊള്ളുന്നു. ഗുണത്തിനയും ദോഷത്തിനായും. നാളെയുടെ വാഗ്ദാനങ്ങളായ നമ്മുക്ക് ശരിയായ രീതിൽ ഡിജിറ്റൽ മാധ്യമങ്ങളെ ആശ്രയിക്കാം. അങ്ങനെ ആ മായാലോകത്തിൽപ്പെടാതെ മുന്നേറാം.

എയ്മിമോൾ പി. എസ്

10 B



# സൈബർലോകം




കാണാവലക്കണ്ണികളിൽ
കണ്ണും കരളും കോർത്ത്,
ചിന്തകൾക്ക് താഴിട്ട്,
ആകാശവിരിപ്പുപോലെ
പകർന്ന് സൈബർ വല........
സ്ലൈഡിംഗുകളുടെ
അസ്ത്രവേഗങ്ങൾ.......
ശബ്ദവേഗങ്ങൾ........
മിന്നിപ്പടരുന്ന
ആശയപകർച്ചകൾ......
അറിവുകളുടെ പൂന്തോട്ടങ്ങൾ,
സൗഹൃദങ്ങളുടെ തണൽമരങ്ങൾ,
വാർത്തകളുടെ കുത്തൊഴുക്കുകൾ......
വിനോദങ്ങളുടെ വിശാലതകൾ......
സൈബർലോകം ഉണർവ്വിലാണ്
പുതുനാമ്പുകളെ ചേർത്തുനിർത്തി
പുതുഗാഥകൾ ചമച്ച്........



ലതിക മാത്യു
ടീച്ചർ

# എന്റെ വീട്



എന്റെ വീട് കാണാൻ എന്തുഭംഗിയാണ്
മനോഹരമായപൂന്തോട്ടവും,തുള്ളിച്ചാടിനടക്കുന്നപശുക്കിടാങ്ങളും ഒക്കെയുണ്ട്. അച്ഛനും അമ്മയും അമ്മയുടെ  ചേച്ചിയും എന്റെ ചേട്ടനും ഒക്കെയുണ്ട. പിന്നെ ഒരുതത്തയും രണ്ടുകോഴികളും ഉണ്ട്. വീടിന്റെ പുറകിൽ വാഴകൾ ഉണ്ട്. മുകളിൽ നിന്നാൽ അപ്പുറത്തെ വീടിന്റെ പുറകിലെ കൈതചക്കകൃഷികാണാം. വീട് എറ്റുമാനൂർ അമ്പലത്തിന്റെ അടുത്താണ്. വീട്ടുപേര് അശ്വതീ നിലയം എന്നാണ്. കളിക്കാൻ വീടിന്റെ മുൻവളത്ത് ധാരാളം സ്ഥലം ഉണ്ട്. പുറകുവശത്തും ധാരാളം സ്ഥലം  ഉണ്ട്. അമ്പലത്തിലെ സുപ്രഭാതം കേട്ടാണ് ഞാൻ ഉണരുന്നത്. രാവിലെ കുളിച്ചൊരുങ്ങി അച്ഛന്റെ കൂടെ അമ്പലത്തിൽ പോകും. അമ്പലത്തിൽ കുളം ഉണ്ട്. സന്ധ്യക്ക് ആറ് മണിക്ക് അമ്പലത്തിൽകയറി അന്നദാനം കഴിച്ചു. അന്നദാനം കഴിച്ചു കഴിഞ്ഞ് തിരിച്ചു വീട്ടിലേക്ക്

പി. വി. പാർവ്വതികൃഷ്ണ     STD: 2B



# യാത്രാവിവരണം

25-4-2018 രാവിലെ 5:30 ന് ഞങ്ങൾ യാത്ര തുടങ്ങി.പോകുന്നത്, പോകാൻ ഒരുങ്ങുന്നത് നല്ല മഞ്ഞു മൂടിയ മലനിരകളും. തേയിലത്തോട്ടങ്ങളും. നല്ല പ്രകൃതി മനോഹരമായ മൂന്നാറിലേക്ക്. നല്ല ആകാംക്ഷയോടെ ഞങ്ങൾ കുടുംബത്തോടെ പോകാൻ ഇറങ്ങി. അപ്പോഴും നല്ല മഞ്ഞായിരുന്നു. പുലർച്ചയാകുന്നതിനുമുമ്പ് ഞങ്ങൾക്ക് പോകാൻ തുടങ്ങണം. ഞങ്ങൾ 3-4 ദിവസത്തെ യാത്രയ്ക്കാണ്പോകാൻ ഉദ്ദേശിച്ചിരിക്കുന്നത്. അങ്ങനെ ഞങ്ങൾ പോകുന്നത് നല്ല ഒരു ഇടിവെട്ട് ബസ്സിലാണ്. ഞാൻ പറഞ്ഞിട്ടാണ് പിന്നെ എന്റെ അനിയനും. ഞങ്ങൾ പറഞ്ഞതുപോലെ ബസ്സ് ഒക്കെ നേരത്തേ ബുക്ക് ചെയ്ത് കഴിഞ്ഞു. അങ്ങനെ 5:30 യോടെ ഞങ്ങൾ ബസ്സിലേക്ക്കയറി. യാത്രതുടങ്ങാൻ ഇനി അല്പംനേരംകൂടിബാക്കിയുള്ളൂഞങ്ങൾ ആകാംക്ഷഭരിതരായി ഇങ്ങനെ ഇരിക്കുകയാണ് പോകാനായിട്ട്. അങ്ങനെ എല്ലാവരും എത്തിക്കഴിഞ്ഞു ഞങ്ങൾ യാത്ര തുടങ്ങി. നല്ല രസമായിരുന്നു. പകലത്തെ യാത്രയും സ്വപ്നം കണ്ട് ഞങ്ങൾ അങ്ങനെ പോകുകയാണ് പ്രകൃതി സുന്ദരമായ മൂന്നാറിലേക്ക്. അങ്ങനെ ഒത്തിരി നേരം കഴിഞ്ഞു ഞങ്ങൾ മൂന്നാറിലുള്ള ഒരു സ്ഥലതെത്തി. ഞാനും എന്റെ കുടുംബവും വണ്ടിയിൽ നിന്ന് പുറത്തേക്കിറങ്ങി. നല്ലമഞ്ഞും, തണുപ്പുമായിരുന്നു. ഞങ്ങൾ ഇട്ട വസ്ത്രത്തിന്റെ പുറത്തേക്ക് കമ്പിളി പുതപ്പിട്ട് ആ തണുപ്പത്ത് ഇറങ്ങി അവിടെയുള്ള കടയിലേക്ക് കയറി. അവിടെ കാണാൻഭംഗിയുള്ള എന്തൊക്കെ

വസ്തുക്കളാണ് അവിടെ ഇരിക്കുന്നത്. ഞാൻ അതിൽ നിന്ന് കാണാൻ അതിമാനോഹരമായ ഒരു കീച്ചെയിൻ എടുത്തു. അതിന് ആകെ വിലയെന്നുപറയുന്നത് 25 രൂപയാണ് എനിക്ക് ഇഷ്ടപ്പെട്ട് ഞാൻ അത് എന്റെ കൂട്ടുകാർക്കും മേടിച്ചു. മൂന്ന് എണ്ണം. ഞങ്ങൾ അങ്ങനെ മൂന്നാറിലെ ഒരു ഹോട്ടലിൽ കയറി എല്ലാവർക്കും ഇഷ്ടപ്പെട്ട സാധനങ്ങൾ ഭക്ഷണം വാങ്ങിക്കഴിക്കാൻ തുടങ്ങി. നല്ല തണുപ്പായതു കൊണ്ട് എല്ലാവരും കഴിച്ചു കഴിഞ്ഞ് ബസ്സിലേക്ക് കയറി. ഞങ്ങൾ അങ്ങനെ 3-4 ദിവസം കഴിഞ്ഞ് വീടിലേക്ക് മടങ്ങുന്നതിനു മുമ്പ്. അവിടുന്ന് കുറേയധികം സാധനങ്ങൾ വാങ്ങി. കുറെയധികം ചോക്ലേറ്റ് അത് വാങ്ങി. ഞങ്ങൾ ആ ദിവസത്തിനിടയിൽ ചോക്ലോറ്റ് ഫാക്ടറിയിൽ കയറി മിഠായി ഉണ്ടാകുന്നത് ഒക്കെ കണ്ടു അങ്ങനെ ഞങ്ങൾ ആ അവധിക്കാലം അടിച്ചുപൊളിച്ചു യാത്ര ഒക്കെ പോയി നടന്നു. ഞങ്ങൾ അങ്ങനെ വൈകിട്ട് 9:00 മണിയോടെ മടങ്ങി. ഏകദേശം രാവിലെ ഒരു 10:00 മണിയോടെ വീടിലെത്തി. പിറ്റേന്ന് നല്ല രസമായിരുന്നു. അങ്ങനെ അടിച്ചുപൊളിച്ചു ആ അവധിക്കാലം.

സ്നേഹ മോൾ ശ്രീനി

7C



# കത്ത്

20-1-2020

വെട്ടിമുകൾ

പ്രിയപ്പെട്ട കൂട്ടുകാരിക്ക്,

അർച്ചനക്ക് സുഖമണോ? ഞങ്ങൾക്ക് എല്ലാവർക്കും സുഖമാണ് നീ എന്നുവരും ഞങ്ങൾ നിന്നെ കാത്തിരിക്കുകയാണ് .നീ വേഗം വരണേ . നീ പോയ സങ്കടത്തിലാണ് ഞങ്ങൾ .നീ ഉണ്ടായിരുന്നപ്പോൾ ഞങ്ങൾക്ക് സന്തോഷമായിരുന്നു നിന്റെ അനിയത്തിക്കും, അമ്മയ്ക്കും സുഖമാണോ?നീ അടുത്ത വർഷം ഇങ്ങോട്ടു വരുവെന്ന് ഞങ്ങൾ വിശ്വസിക്കുന്നു . നിന്നെ കാണാൻ ഞങ്ങൾക്ക് കൊതിയാകുന്നു.

എന്ന്,

സ്വന്തം കൂട്ടുകാരികൾ

# കടൽ



കടൽ കരയിൽ വിശ്രമിക്കുകയായിരുന്ന ഒരു വൃദ്ധനായ മനുഷ്യൻ. അയാളുടെ അരികിൽ ഒരു സുന്ദരിയായ ഒരു കൊച്ചുപെൺകുട്ടി. വൃദ്ധന്റെ വേഷവും കുട്ടിയുടെ വേഷവും തമ്മിൽ ഒരു ചേർച്ചയും ഉണ്ടായിരുന്നില്ല. കാരണം അദ്ദേഹത്തിന്റെ വേഷമെന്നത് ഒരു കീറിപ്പറിഞ്ഞ ചെളിപുരണ്ടനനഞ്ഞ ഒരു മുണ്ടും കീറ ഷർട്ടും മാത്രമാണ്. കുട്ടിയുടേതാകട്ടെ പുതുപുത്തൻ വേഷം ആവേഷത്തിൽ അവൾ അതിസുന്ദരിയായിരുന്നു. കാർകൂന്തലിന്റെ അഴക്ക് കടലിൽ നിന്നുമെത്തിയ ആ തണുത്ത കാറ്റിലൂടെ പറന്നുനടന്നു. കടൽ കാണാനെത്തിയവർ അയാളെ സൂക്ഷിച്ച് നോക്കിക്കൊണ്ടേ ഇരുന്നു. ആകുട്ടിയെ അയാൾ തട്ടിക്കൊണ്ടു വന്നതാണോ എന്ന സംശയത്താൽ അവരിൽ പലരും പൊറുപൊറുത്തുകൊണ്ടും മറ്റും നടന്നകന്നു. ഒരാൾ തന്റെ മകളോട് പറയുന്നത് അയാൾ കേട്ടു"ഒറ്റക്കു നടന്നാൽ ഇതുപോലുള്ള ആളുകൾ തട്ടിക്കൊണ്ടുപോകു"മെന്ന്. ആ വൃദ്ധൻ അതുകോട്ട് ചിരിക്കുകമാത്രം ചെയ്തു. അയാളുടെ ആ ചിരി കുട്ടിയുടെ മനസ്സിനെ സന്തോഷിപ്പിച്ചു. അവൾ ആ വൃദ്ധനൊപ്പം കളിക്കുകയാണ്. ഒരാൾ ആ കുട്ടിയെ കണ്ട് സഹതാപം തോന്നി ഒരു"മഞ്ച്കൊടുത്തു". അവൾ അത് വാങ്ങുന്ന കൂട്ടാക്കിയില്ല. ഈ സമയം ആ വൃദ്ധൻ പോക്കറ്റിൽ നിന്നും ഒരു വലിയ പാക്കറ്റ് ചോക്കളേറ്റ് എടുത്തുകൊടുത്തു. അവൾ സന്തോഷത്തോടെ തന്റെ മുത്തച്ഛന്റെ കയ്യിൽ നിന്നും ചോക്കളേറ്റ് വാങ്ങി മുത്തശ്ശാ എന്ന് സ്നേഹത്തോടെ വിളിച്ച് കെട്ടിപ്പിടിച്ചു. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിറഞ്ഞ കണ്ണുനീരിന് കടലിനോളം ചവർപ്പുണ്ടായിരുന്നു.

ഷെഹന പി.എൻ 10 A

# കായിക വിദ്യാഭ്യാസവും കുട്ടികളും

ആരോഗ്യം ഉള്ള ശരീരം ഉണ്ടെങ്കിലെ ആരോഗ്യംഉള്ളമനസ്സ്ഉണ്ടാവുകയുള്ളൂ, ആരോഗ്യമുള്ള ശരീരവും, മനസ്സും ഉണ്ടെങ്കിലെ എന്തിനെയും നേരിടനും, ജീവിത വിജയം നേടാനും കഴിയുകയുള്ളൂ.വിദ്യാഭ്യാസത്തിൽ sports ന്ഒരു സുപ്രധാനപങ്കുണ്ട്.കുട്ടികളുടെ ശാരീരിക,മാനസിക വികാസത്തിന് കായിക വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും ഇപ്പോഴത്തെ വിദ്യാഭ്യാസ രീതി പഠനത്തിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നതാണ്. കായിക വിദ്യാഭ്യാസം എന്നത് നാല് ചുവരുകൾക്കുള്ളിൽ ഒരുങ്ങികൂടേണ്ട ഒന്നല്ല, നല്ല രീതിയിൽ പരിശ്രമിച്ചാൽ മാത്രമേ കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളൂ. കായിക രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ കുട്ടികൾ മാതൃകയാക്കുന്നത് നന്നായിരിക്കും. ഉദാഹരണം: p.v.Sindhu, Sachin Tendulkar,Mary Com തുടങ്ങിയവർ. ലോകരാഷ്ട്ങ്ങൾ ഇന്ത്യയെ അറിയുന്നത് മിക്കപ്പോഴും കായിക താരങ്ങളുടെ പേരിലാണ്.

ഇന്ത്യയുടെ പേര് ഉയർത്തുന്നതിലുപരി ആരോഗ്യ പൂർണ്ണമായ സമൂഹത്തിന്, ആരോഗ്യ പൂർണ്ണമായ വ്യക്തികളെ ആവശ്യമായി വരുന്നു. രോഗങ്ങൾ അകറ്റി, തെളിഞ്ഞ ബുദ്ധിയുള്ള ആരോഗ്യമുള്ള വ്യക്തികളെ വാർത്തെടുക്കുന്നതിന് വിദ്യാഭ്യാസകാലം മുതലേ കുട്ടികളെ കായികപരിശീലനത്തിൽ ഏർപ്പെടുത്തുന്നത് വളരെ നന്നായിരിക്കും


**സിന്ധു. എ**

**ഫിസിക്കൽ ഏജ്യുക്കേഷൻ ടീച്ചർ**



# പെലിക്കൺ പക്ഷി

ലോകത്തെ ഏറ്റവും മനോഹരമായ വാക്ക് "അമ്മ". ആ രണ്ടക്ഷരത്തിൽ ഈ ലോകം മുഴുവൻ കുപ്പുകരങ്ങളുമായിനില്ക്കുന്നു. സ്വന്തം ജീവനും ജീവിതവും, ആരോഗ്യവുംസൗന്ദര്യവും, സമയവും സമ്പത്തും നൽകിക്കൊണ്ട് ഊണുംഉറക്കവും, ഇഷ്ടാനിഷ്ടങ്ങളെയും ഉപേക്ഷിച്ച് തങ്ങളുടെ ആകെ സമ്പദ്യമായ മക്കളെ കണ്ണിലെണ്ണയൊഴിച്ച്കാത്തു സൂക്ഷിക്കുന്ന, "ദൈവത്തിന്റെ പ്രതിരൂപമായ അമ്മ"എന്റെ ജീവിതയാത്രയുടെ ആരംഭത്തിൽത്തന്നെ കുടുംബത്തിന്റെ നെടുംതൂണായ അച്ഛനെ ഞങ്ങൾക്ക് നഷ്ടമായപ്പോൾ ഭാരംകൂടി തോളിലേറ്റി രണ്ടുമക്കളെ ഈ ലോക ജീവിതത്തിന്റെ കുണ്ടുംകുഴിയും നിറഞ്ഞ വഴിത്താരയിൽ തളർന്നു പോകാതെ, വീണു പരുക്കപറ്റാതെ സ്നേഹപൂർവ്വം ചേർത്തുപിടിച്ച ഉരുക്കു കരങ്ങളാണെനിക്കെന്റെ "അമ്മ". എല്ലാവരുംസ്കൂൾപഠനംകഴിഞ്ഞ്ജീവിതത്തിന്റെതിരക്കേറിയപഠനങ്ങളിലേക്ക്കടന്നുപോയപ്പോൾഇല്ലായ്മയുടെവല്ലായ്മയില്ആഴ്ന്നുപോകാനവദിക്കാതെമൂലധനമൊന്നുമില്ലാതെതന്നെമനസ്സിന്റെ ദൃഢചിത്തതകൊണ്ടു മാത്രം എന്നെപഠിപ്പിച്ചമഹാമനസ്സ്. ഒരു പെൺകുട്ടിയുടെ ജീവിതത്തി ലെ വലിയ മോഹമായ, സ്വപ്നമായ, ജോലി അതും മനുഷ്യനെ ദൈവത്തിലേക്കടുപ്പിക്കുന്നഅധ്യാപനംസാധ്യമാക്കൻ എനിക്ക് വേണ്ടി ഏറ്റവും കൂടുതൽ പരിശ്രമിച്ച എന്റെ പ്രിയപ്പെട്ട രക്ഷകർത്താവ്. മക്കളുണ്ടായാൻ ഏറ്റവും വലിയസ്വപ്നം ആ മക്കളുടെ വിവാഹമാണ്. സ്വന്തം വീടിന്റെ മുൻപിൽ പന്തലിട്ട് ബന്ധുമിത്രാദികളെ ക്ഷണിച്ച് ആഘോഷമായി വിവാഹംനടത്താനാണ്എല്ലാമാതാപിതാക്കളുടെയുംആഗ്രഹംഅങ്ങനെഒരു കൊച്ചുവിവാഹംഅതിമനോഹരമായി നടത്തിത്തന്നു എന്റെ ഹിറോ ആയഅമ്മഎന്റെജീവിതത്തിന്റെഇന്നോളമുള്ളവളർച്ചയിൽ താങ്ങായി,തണലായിഎന്റെഅമ്മയുണ്ടായിരുന്നു.പ്രശ്നങ്ങളിൽപരിഹാരമായി സന്തോഷങ്ങളിൽ ഇരട്ടിമധുരമായി.എനിക്കെതിരെ ഒരു വൻസൈന്യം നിരന്നാലും എന്റെയൊപ്പം എന്റെയമ്മമാത്രം മതിഎന്നത് എന്റെധൈര്യമായിരുന്നു.54 വർഷത്തഎന്റെപരിചയുംഇക്കഴിഞ്ഞജൂലൈ1 ന്പ്രത്യക്ഷത്തിന്റെ എനിക്കുനഷ്ടമായി. എങ്കിലും ആ അദൃശ്യകരങ്ങൾ എന്നെ ഇപ്പോഴും സംരക്ഷിക്കുന്നു ..




വത്സമ്മ ടീച്ചർ

# എന്നു വരും............

പ്രകൃതി രമണീയമായ നാടാണ് കുട്ടനാട് .കുട്ടനാട്ടിലെ ആറിനോട് ചേർന്ന് ഒരു കുടിൽ സ്ഥാപിതകായിരുന്നു.ആ കുടിലിൽ ആണ് നമ്മുടെ കഥാനായിക താമസിക്കുന്നത്. കാത്തു അതാണവളുടെ പേര്. വശ്യമായ കണ്ണുകളും നിറംമങ്ങിയ വസ്ത്രങ്ങളും നെറ്റിയിലെ വലിയ കുങ്കമപ്പൊട്ടു ചെമന്ന ചുണ്ടുംരണ്ടായി പിന്നിമടക്കി മഞ്ഞ റിബൺ കൊണ്ടുകെട്ടിയ മുടിയും അവളുടെ മുഖത്തെ ശോഭരിതമാക്കുന്നഅവളുടെ അമ്മ അവിടുത്തെ പോലീസ് ഏമാന്റെ വീട്ടിൽ വേലയ്ക്ക്പോകുന്നുണ്ട് അച്ഛൻ കൂലിപ്പണിയാണ് അമ്മയും അച്ഛനും രാവിലെ തന്നെ ജോലിക്കു പോകുന്നു. എന്നും ഉച്ചയ്ക്ക് താൻ ഉണ്ടാക്കിയ കഞ്ഞിയും കൂട്ടാനും ഒരു ളുക്കുപാത്രത്തിൽ വച്ച് അവൾ അച്ഛന്റെ പണിസ്ഥലത്തേക്ക് പോകും കഷ്ടിച്ച് രണ്ട മൂന്ന്നാഴികേ ദൂരമുള്ളൂ ഒരു ദിവസം അച്ഛന്റെ ജോലി പോയി. താമസിച്ചു പണി സ്ഥലത്തുപോയതാണ് കാരണം.

അങ്ങനെ ആ വീട്ടിലെ താമസക്കാരനായി ദാരിദ്ര്യം കടന്നുവന്നു. അവരുടെ നാട്ടിലെ പ്രമുഖനായ ഒരു മുതലാളിയുടെ ഒമാനിലുള്ള ഒരുകടയിൽ ളുപ്പുകാരനായി അവളുടെ അച്ഛന് ജോലി കിട്ടി. അധികം താമസിക്കാലതെ അച്ഛൻ ഒമാനിലേക്ക് പോയി. കള്ള പാസ്പ്പോർട്ട് ഉണ്ടാക്കിയാണ് അവളുടെ അച്ഛൻ ഒമാനിലേക്ക് പോയത്. അതുകൊണ്ട് തിരിച്ചു വരുമെന്ന് ആർക്കും ഒരു പ്രതീക്ഷയുമില്ലായിരുന്നു. 10 വർഷത്തിന് ശേഷം ഒവാൻ എംബിസിയിൽ നിന്ന് കുട്ടനാട്ടിലെ പഞ്ചായത്ത് പ്രസിഡറ്റിൽ ഒരു കോൾ വന്നു. അവളുടെ അച്ഛൻ നാട്ടിലേക്ക് പോവുകയാണെന്ന് പറഞ്ഞ് കോട്ടേഴ്സ് വിട്ടു പുറത്തുപോയിട്ട് ഒരു ആഴ്ച്ചയായി വിവരങ്ങളൊന്നും ലഭിക്കുന്നില്ല എന്ന് പറഞ്ഞയുടനെ ഫോൺ കട്ടായി. പ്രസിഡന്റെ ഇത വാർത്ത അവരുടെ കുടിലിൽ വന്നു പറഞ്ഞു അന്നുമുതൽ അയാൾക്കായ്അയാളുടെവീട്ടുകാർകാത്തിരിക്കുകയാണ്നാട്ടുകാർകാത്തിരിക്കുക യാണ്ഇന്നുവരനാളെ വരും എന്ന് പറഞ്ഞ് അവർ ദിവസങ്ങൾ തള്ളിനിക്കുന്നു.



അലീന അജി

# എന്റെ വിദ്യാലയം



എനിക്കുണ്ടൊരു കൊച്ചുവിദ്യാലയം
സ്നേഹിക്കാൻ പഠിപ്പിക്കും വിദ്യാലയം
കളികളും ചിരികളും നിറഞ്ഞ വിദ്യാലയം
അമ്മയാണെൻ വിദ്യാലയം
പാഠങ്ങൾ പഠിപ്പിക്കും വിദ്യാലയം
വിദ്യാലയത്തിൽ കൂട്ടുകാരുണ്ട്
വിദ്യാലയമാണെൻ കൂട്ടുകാരി
വിദ്യാലയമെനിക്കെന്റെ വീടുപോലെ
എന്റെ വിദ്യാലയം ... നല്ല വിദ്യാലയം

അൽഫോൻസ ജോസ് 4 c

# തീരാ നഷ്ടം

ഗവൺമെന്റ് ISS മണപ്പുറം സരസ്വതി അമ്മ കാത്തിരുന്നു. തന്റെ മക്കൾക്കായി കാത്തു കാത്തു അമ്മയുടെ കണ്ണീർ വറ്റി എന്ന സ്ഥിതിയിലായി . കാരണം ഒരു കോരിച്ചൊരിയുന്ന. മഴയത്ത് ഒരു മലമൊത്തത്തോടെ പുതുമോടിമാറാത്ത ആ വീടിനു മുകളിലേക്ക് കൈയ്യിൽ കിട്ടിയവരെയും പിടിച്ച് ശങ്കരൻ സരസ്വതി അമ്മയുടെ മകൻ ഇറങ്ങിയോടിയപ്പോൾ കൈകൾ വഴുതി പോയോ എന്ന് അറിയില്ല ആരെക്കയേ ചേർന്ന് ഈ സ്കൂൾ വരാന്തയിൽ എത്തിച്ച അപ്പോൾ തൊട്ടുള്ള ഇരിപ്പാണ് . 2 ദിവസം കഴിഞ്ഞു തന്റെ മകനു ഭാര്യയും ഒരാഴ്ച മാത്രമായ ആ വീടിന്റെ അടയാളം പോലും അവിടെ ഉണ്ടായിരുന്നില്ല . ഒരാൾ ചൊക്കത്തിൽ മൺ കൂന മാത്രം . സരസ്വതി അമ്മയുടെ മുഖത്ത് സങ്കടം തളകെട്ടി നിൽക്കുന്നു. വന്നപ്പോൾ മുതൽ മക്കളെ വിടെ എന്ന് ചോദിക്കാൻ മാത്രമായ തുറന്ന ആ വൃദ്ധ. ഒരു തരി വെള്ളം കുടിക്കാൻ പോലും വിസമ്മതിക്കുന്നു . ഉറ്റവരെയും ഉടയവരെയും കാത്ത് ആ അമ്മ ഇരുന്നത് ഒരാഴ്ച്ച തന്റെ ജീവന്റെ പാതിയായിരുന്ന വരുടെ എന്തെങ്കിലും വിവരം അല്ലെങ്കിൽ അവരുടെ ദേഹമെങ്കിലും ഒന്ന് കാണാൻ ആ അമ്മയ്ക്ക് ഭാഗ്യമുണ്ടായിരുന്ന വെങ്കിൽ ...പാതി അടഞ്ഞകണ്ണുകളുമായി ആ അമ്മ കാത്തിരിക്കുന്നു ഉറ്റവർക്കായി .... തീരാനഷ്ടത്തിന്റെ വേദനയും നെഞ്ചിൽ സൂക്ഷിച്ച്



ആരതി കെ എസ്
10 A

# അമ്മയുടെ ശകാരം

തോമാച്ചൻ വീടിൽ നിന്നിറങ്ങി. അവന്റെ സ്ഥിരം പണിചെയ്യാൻ. അവന്റെ വയസ്സായ അമ്മ അവനെ ശകാരിച്ചുകൊണ്ട് പറഞ്ഞു."എടാ ഇങ്ങനെ ഇത് വീണ്ടും തുടർന്നാൽ നിന്നെ ആരെങ്കിലും പിടികൂടുമെ നശിച്ചവനെ". അവൻ അതൊന്നും വകവെക്കാതെ വീടിൽ നിന്നിറങ്ങി അതും രാത്രി. നേരം അർധരാത്രി 12 മണിയാകാൻ ഏതാനും നിമിഷങ്ങൾ മാത്രം. അവൻ അവന്റെ സ്ഥിരം പണിയായുധമെടുത്തുക്കൊണ്ട് സഞ്ചിയിൽ വെച്ച് മുണ്ടും മടക്കികുത്തി ഇറങ്ങി.

അവൻ അവന്റെ നാട്ടിൽ നിന്ന് മറ്റൊരു നല്ല ഒരു വീടിനുവേണ്ട നടന്നു അപ്പോൾ അവന്റ ഒരു വീടിനുവേണ്ടി നടന്നു അപ്പോൾ
അവന്റ ഒരു കൊട്ടാരം പോലെയൊരു വീടു കണ്ടു . അവന്റെ കണ്ണ് തള്ളിവന്നു . അവൻ ആ വീടിന്റെ മതിൽ ചാടി കടന്നു . അവൻ ആ വീടിന്റെ പുറകിലൂടെ ചെന്ന് കതക് തുറക്കാൻ ശ്രമിച്ചു . ഒടുവിൽ അവൻ തുറന്നു അവൻ ഒരു ദിർഘ നിശ്വാസം വിട്ടുകൊണ്ട് പറഞ്ഞു: “ എന്റെ വേളാങ്കണ്ണി മാതാവ് കാത്തോണേ.....

അവൻ അടുക്കളയിൻ നിന്ന് ഒരു മുറിയിലേക്ക് നടന്നു അവൻ അവന്റെ കയ്യിലുള്ള ചുറ്റികയും മറ്റും എടുത്ത് മുറി തുറന്നു . അതുതുറന്നപ്പോൾ ഇതുവരെ അവൻ കാണാത്ത പലസാധനങ്ങളും അവൻ കണ്ടു. ഒടുവിൽ അവൻ അലമാര എങ്ങനെയോ തുറന്നു അവൻ ആ അലമാരയിൽ നിന്നും കുറച്ച് തുണിയും പണവും സ്വർണ്ണവുമെടുത്ത് അവന്റെ സഞ്ചിയിലേക്ക് ഇട്ടു . അവൻ തുരിഞ്ഞു നോക്കിയപ്പോൾ ആ മുറിയിൽ കിടന്നുറങ്ങിയ അവനേക്കാളും രണ്ട് ഇരട്ടിയുള്ള ഒരുത്തൻ അവന്റെ ഷർട്ടിനു പിടിച്ച് എല്ലാവരെയും വിളിച്ചുകൂട്ടാൻ ശ്രമിച്ചു. അപ്പോൾ അവൻ അവന്റെ അമ്മ പറഞ്ഞതോർത്തു

അവന്റെ അമ്മ പറഞ്ഞതായിരുന്നു. നിന്നെ ആരെങ്കിലും പിടിക്കുമെന്ന്. അവൻ അതോർത്തുകൊണ്ട് അവരുടെ പിടിത്തത്തിനു വഴങ്ങി കീഴടങ്ങി.



ഷിയ ഷാജി

10 A

# വിദ്യാലയം എന്റെ മായാലോകം

സമയം 5.00 മണി. ഉറക്കത്തിൽ നിന്ന് മെല്ല ഉണർന്ന വീടിന്റെ വെളിയിലേയ്ക്കു നടന്നു. അതിഭയങ്കരമായ മൂടൽ മഞ്ഞ്. മൂടൽ മഞ്ഞിന്റെ വാതിൽ പതിയെ തുറന്നു. രാത്രിയെന്നു തോന്നിയ്ക്കു വിധത്തിൽ ഇരുട്ട്. നിശബ്ദത നിറഞ്ഞു നിൽക്കുന്ന അന്തരീക്ഷം. പെട്ടെന്നാണ് മധുരമാർന്ന ഒരു പക്ഷിയുടെ ഗാനം കാതിൽ തട്ടിയത്. പതിയെ പതിയെ പ്രഭാതത്തിന്റെ സൗന്ദര്യം കൂടി ക്കൂടി വന്നു. കുട്ടിയുടെ നിഷ്കളങ്കതയോടെ സൂര്യൻ മെല്ലെ ഒളിഞ്ഞുനോക്കി. അല്പസമയത്തിനുശേഷം രാജാവിന്റെ ഗാംഭിരത്തോടെ ജ്വലിച്ചു നിന്നു.

പിന്നീട് ഞാൻ സ്കൂളിലേയ്ക്കു നീങ്ങുന്ന തിരക്കായിരുന്നു മെല്ലെ സ്കൂളിന്റെ കുറ്റംകുന്നിലേയ്ക്കു നടന്നു നീങ്ങി മാലകൾ പോലെ കൈകൾ കോർത്തു ഞങ്ങൾ സുഹൃത്തുക്കൾ പതിയെ നടന്നു. വർത്തമാനം പറഞ്ഞും,ചിരിച്ചും,കളിച്ചും,കുരിശടിയിൽ എത്തി. ഓരോരുത്തരുടെ ആവശ്യങ്ങൾ അവനവൻ തന്നെ മനസ്സിൽ ദൈവത്തോടു കാഴ്ച്ചവെച്ചു. വീണ്ടും നടന്നു തുടങ്ങി.

വിദ്യാലയം അറിവിന്റെ മായാലോകമാണ്. ഞാൻ പഠിക്കുന്ന ഈ വിദ്യാലയം എനിക്കറിവിന്റെ മഹാപ്രപഞ്ചം പകർന്നു തന്നു മായാലോകമാണ്. വലിയൊരു കുന്നിൻ മുകളിൽ വിശിദ്ധ പൗലോസിന്റെ നാമദേയത്തിൽ അറിയപ്പെടിന്ന വിദ്യാലയം. പള്ളിയോടു ചേർന്നു പപ്രവർത്തിക്കുന്ന പള്ളിക്കൂടം.സെന്റെ പോൾസ് ഗേൾസ് ഹൈസ്കൂൾ.എന്നാൽ ഈ വിദ്യാലയത്തിൽ ജാതിമതഭേതമന്യേ ആണ് വിദ്യാർത്ഥികളും ,അദ്ധ്യാപകരും,വിദ്യാലത്തിനോടു ചേർന്നു പ്രവർത്തിക്കുന്നത്.വിദ്യാലയത്തിന്റെ അങ്കണത്തിൽ ഞങ്ങൾ എത്തുമ്പോൾ ഞങ്ങളുടെ വരവു എന്നും കാത്തിക്കുന്ന ഒരു വ്യക്തിയുണ്ടായിരുന്നു.ളുവെള്ള നിറവും,പനിനീർ പൂവിന്റെ നിറമുള്ള

ചുണ്ടും,ആകാശനീലിമയും ചേർന്ന തിരുവസ്ത്രം അണിഞ്ഞ് കൈകൾ കൂപ്പനിൽക്കു അമ്മ.ചെറുപുഞ്ചിരിയോടെ ഞങ്ങളെ വരവേൽക്കുന്ന ഞങ്ങളുടെ മാതാവ്.

വിദ്യാലയം എന്നാൽ തരുന്ന പാഠപുസ്തകങ്ങൾ മാത്രം പഠിച്ച നല്ല മാർക്ക് ലഭിക്കുക എന്നല്ല.അദ്ധ്യാപകർ നമ്മുക്കു പറഞ്ഞു നൽകുന്ന ഓരോ സമ്മാർഗപാഠങ്ങളും മനസ്സിൽ സൂക്ഷിച്ച അതു സമൂഹത്തിന്റെ നൻമയ്ക്കായി പ്രവർത്തിക്കണം.വിദ്യാർത്ഥികളായ നാം മറ്റുള്ളവർക്ക് വേണ്ടി എന്തെങ്കിലും നന്മ ചെയ്യുന്നതുവഴി ചെയ്തതിൽ നമുക്ക് സന്തോഷവും ലഭിച്ചാൽ അവർക്ക് സംതൃപ്തിയും ലഭിക്കുന്നു.

വിദ്യാലയങ്ങളിൽ നിന്നും അദ്ധ്യാപകർ പകർന്നു നൽകുന്ന ഓതോ അറിവും നാളയുടെ നന്മയ്ക്കായി നാം പ്രവൃതിത്തിക്കണം.ഒരു ചെറിയ നന്മയായിരിക്കും ഒരു വലിയ മാറ്റം സൃഷ്ടിക്കുക.അദ്ധ്യാപകരിൽ നന്നും നാം ഓരോ കാര്യങ്ങൾ പഠിയ്ക്കണം നമ്മൾ വിദ്യാർത്ഥികൾ അദ്ധ്യാപകരെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതിലൂടെ നമ്മൾ വലിയയൊരു അനുഗ്രഹം നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.അദ്ധ്യാപകർ നമുക്ക് നൽകുന്ന ഓരോ ഉപദേശവും ഏതെങ്കിലും ഒരു സാഹചര്യത്തിൽ നമുക്ക് തുണയാവാം.

വിദ്യാലയം നമ്മുടെ കുടുംബം അദ്ധ്യാപകർ നമ്മുടെ മാതാപിതാക്കളുമാണ്.അവരുടെ അനുഗ്രഹം നമുക്ക് വിജയമായി മാറും. ഇനിയും നമുക്കു വിദ്യാലയം എന്ന മായാലോകത്തിലൂടെ വിദ്യാർത്ഥികളായ നമ്മുക്കു ചിറകടിച്ചുയരാം.

ജോർജിയ ജോർജ്
10 B



# നവകേരളനിർമ്മിതിയിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക്

കേരളമിന്ന് പുരോഗതിയുടെ ചാതയിലാണ് ഉയരങ്ങളിലേയ്ക്ക് കുതിച്ചുയരുകയാണ്.എന്നാൽ ഇന്ന് ഈ പുരോഗതിയുടെ പാതയിലായിരക്കുമ്പോഴും മനുഷ്യൻ ഭൂമിയേയും ജനിച്ച നാടിനെയും മറക്കുന്നുവോ എന്ന സംശയം നമ്മുടെ മുൻപിൽ ഒരു ചോദ്യചിഹ്നമായി മാറുകയാണ് ദൈവത്തിന്റെ സ്വന്തം നാടായ കേരളം പോലും ഈ ചോദ്യത്തെ നേരിടുന്നു.എന്നാൽ ഇന്ത്യയിൽ വിദ്യാഭ്യാസത്തിൽ ഏറ്റവും കൂടുതൽ സാക്ഷരത നേടിയ കേരളത്തിൽ വിദ്യാസമ്പന്നർ പോലും ഈ പ്രശ്നത്തെ ഗുരുതരമായി കണക്കിലെടുക്കുന്നില്ല എന്നതാണ് പ്രകൃതിക്കും, പ്രകൃതിയിലെ ജിവജാലങ്ങൾക്കും മുൻതൂക്കം കൊടുത്തിരുന്നവരായിരുന്നു കേരളീയർ.എന്നാൽ ഇന്ന് ഇത് മാറിയിരിക്കുന്നു.പച്ചപ്പ് മറയുകയാണ്,എങ്ങും പ്ലാസ്റ്റിക് കൂമ്പാരങ്ങൾ കുമിഞ്ഞു കൂടിയിരിക്കുന്നു.എന്നാണ് ഇതിനു കാരണം എന്ന് നാം ചിന്തിക്കേണ്ടിയിരിക്കണം.

വിദ്യ അഭ്യസിക്കുന്നവരാണ് വിദ്യാർത്ഥികൾ.വെറും പുസ്തക പഠനമല്ല വിദ്യാഭ്യാസത്തിൻെ ലക്ഷ്യം.അത് ഓരോ വ്യക്തിയെയും നന്മതിന്മകൾ തിരിച്ചറിയാനും പരസ്പരം മനുഷ്യനെ തിരിച്ചറിയാനും സഹായിക്കുന്ന ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന പ്രകൃതിയാണ്. എന്നാൽ ഇന്ന്,വിദ്യാഭ്യാസം കുട്ടികളെ സംബന്ധിച്ചിടത്തോളം ജോലി നോടാൻ തന്മൂലം ജീവിതം സുഖകരമാക്കാനുള്ള മാർഗവും മാത്രമാകുന്നു. ഇത് മാറേണ്ടത്അനിവാര്യമായിരിക്കുന്നു.ഈഅവസ്ഥമാറണം.നവകേരള നിർമ്മാണത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക് വലുതാണ്.വിദ്യാർത്ഥികളാണ് വരും തലമുറയുടെഭാവിയുടെ കരുതലും

കരുത്തും.അതിനാൽ കുട്ടികൾ അതിനായി പ്രയത്നിക്കേണ്ടിയിരിക്കുന്നു.ഈ ലക്ഷ്യം മുൻപിൽ വച്ചുകൊണ്ട് ഓരോ സ്കൂളിലും നിരവധി സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.അതിൽ വിദ്യാർത്ഥികൾ സജീവമായി പങ്കു വഹിച്ചുകൊണ്ട് നവകേരളനിർമ്മിതിയിൽ പങ്കാളികളാവാം.അതിനുള്ള ആദ്യപടി വിട്ടിൽനിന്നുതന്നെയാവട്ടെ.വിദ്യാർത്ഥികൾ സ്വന്തം വീടും പരിസരവും വൃത്തിയാക്കിക്കൊണ്ട് അതിൽ തുടക്കം കുറിക്കണം.ഒപ്പം,നിരവധി വൃക്ഷത്തൈകൾ വിട്ടിലും സ്കൂളിലും നട്ടുപിടിപ്പിച്ചുകൊണ്ട പ്രക്രുതിയുടെ ഹരിതമനോഹരിത തിരിച്ചു പിടിക്കാൻ ശ്രമിക്കണം.ഒപ്പം,പ്ലാസ്റ്റിക് തുടങ്ങിയ അജൈവമാലിന്യങ്ങൾ ഉപേക്ഷിച്ചുകൊണ്ട് പ്രക്രുതിവിഭവങ്ങൾകൊണ്ടുള്ള വസ്തുകൾ (ഉദ:തുണി സഞ്ചി,പേപ്പർ പേന) തുടങ്ങിയവ ഉപയോഗിക്കാൻ പരമാവധി ശ്രമിക്കണം. വിദ്യാർത്ഥികൾ നാളത്തെ തലമുറയുടെ വാഗ്ദാനങ്ങളാണ്.



അന്ന റോസ് തോമസ്

10B

# സഹജീവികളോടുള്ള കരുണ

ഇന്ന് നമ്മുടെ നാട്ടിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്ന ഒന്നാണ് സഹജീവികളോടുള്ള സ്നേഹം, ജാതി ,മതം എന്നിവയുടെയൊക്കെ പേരിൽ കലഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ ആരും നോക്കാനും പരിചരിക്കാനും ഇല്ലാത്തെ കുറേയേറെ ആളുകൾ ഉണ്ട്. അവർക്ക് തണലേകാൻ നമ്മുക്ക് ഒന്നായി കൈകോർക്കാം. മറ്റുള്ളവരെ കാണിക്കാനും അവരുടെ ശ്രദ്ധ പിടിച്ചുപറ്റാനും വേണ്ടി മാത്രം സഹജരെ പരിചരിക്കുന്ന കുറേ ആളുകൾ ഉണ്ട്. എങ്കിലും ശരിക്കും മനസ്സലിഞ്ഞ് അവരെ പരിചരിക്കാനും സ്നേഹത്തോടെ അടുത്തിടപെഴകാനും കൊതിക്കുന്ന ആളുകൾ ഉണ്ട്. അവരെ കണ്ടു പിടിച്ച് സനേഹത്തിനായി കൊതിക്കുന്ന ആ മക്കളുടെ അരികിൽ നമ്മുക്ക് പോകാം. എന്തെല്ലാം നന്മ ചെയ്താലും കൂടെ ഒരു തിന്മയുടെ ഭാവമെങ്കിലും നമ്മെ അലട്ടുന്നുണ്ടാവും. അതിനെല്ലാം ഉള്ള പരിഹാരമായി നമുക്ക് ഈ മക്കളെ സഹായിക്കാം പണത്തിന്റെയും വസ്തുക്കളുടെയും പേരിൽ അഹങ്കരിക്കുന്ന ഓരോ ജനതക്കും മനസ്സിലുള്ള നന്മ അല്പമെങ്കിലും പുറത്തു കാണിക്കാൻ ഉള്ള അവസരം കൂടിയാണിത് സഹജരുടെ കണ്ണീരൊപ്പാൻ നിങ്ങൾ കാരണമാവുകയാണെങ്കിൽ അവരുടെ മുൻപിൽ മാത്രമല്ല, ദൈവത്തിന്റെ മുൻപിലും നാം ഏറ്റവും വലിയവനായി തീരും.

ലക്ഷ്മി പ്രിയ വി. യു

10 A





# എന്റെ യാത്ര

ഞാനും എന്റെ അമ്മാവനും ചേട്ടനുമായി ഭൂതത്താൻ കെട്ടിലെക്ക് ടൂറിനു പോയി . ആദ്യം പോലീസ് സ്റ്റേഷനിലാണ് നിന്നത് . അവിടുന്ന് ബസ്സിൽ കയറിയാത്ര തുടങ്ങി . പോകുന്ന വഴിക്ക് ഞങ്ങൾ കുറേ മലകൾ കണ്ടു . മലകളിൽ നിന്ന് പാലു പോലെയുള്ള വെള്ളം . ഇടക്ക് ഭക്ഷണം കഴിക്കാൻ ഇറങ്ങി . അപ്പോൾ അതിമനോഹരമായ പച്ചപ്പുകൊണ്ട് പുതച്ച് കിടക്കുന്ന മലകൾ .യാത്ര തുടങ്ങി ആദ്യം ഭൂതത്താൻകെട്ട് കാണാൻ പോയി അവിടെ പണ്ട് പറഞ്ഞ കഥകൾ പോലെ ഭൂതങ്ങൾ കെട്ടിപ്പണിത കല്ലുകൾ .അതിനുമുകളിലൂടെ നടന്നു . അവിടെ വെള്ളത്തിൽ ഇറങ്ങി കളിച്ചു , പുലിമുരുകൻ എന്ന സിനിമയിലെ ആ പാലം ഞങ്ങൾ കണ്ടു . അടിയിലെ വെള്ളത്തിന് നല്ലതണുപ്പുണ്ടായിരുന്നു, അതിനനുസരിച്ചുകുത്തൊഴുക്കും . അവിടുന്ന് പൂമ്പാറ്റ പാർക്കിലേക്ക് പോയി . അവിടെ മനോഹരമായി ചിറകുവിരിച്ച് നിൽക്കുന്ന ചിത്രശലഭങ്ങളും മനോഹരമായ ചെടികളും, അവിടെ ഒരു കുളത്തിൽ ഒരേ നിറമുള്ള മീനുകൾ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു . അതിനുശേഷം കാടിനുള്ളിലേക്ക് പോയി, അവിടെ ഒരു പുഴയുണ്ട് . പക്ഷേ, ആഴം കൂടുതലാണ് ഞങ്ങൾ ഇറങ്ങിയില്ല . അങ്ങനെ സന്തോഷപൂർവ്വമായ ഒരു യാത്ര തീർന്നു ഞങ്ങൾ തിരിച്ച് വീട്ടിലെത്തി .



മിഥുൻ സി. എസ് 7 B

# സ്ത്രീ കുടുംബത്തിലും സമൂഹത്തിലും

നമ്മുടെ രാജ്യത്ത് സ്ത്രീകൾക്കായുള്ള പ്രവർത്തനങ്ങൾ ധാരാളമായ് നടക്കുന്നുണ്ട്. തൊഴിൽ സാധ്യത സാമൂഹികമായ വിഷയങ്ങളിലെ ഇടപെടൽ അങ്ങനെ പലതും.


എന്നാൽ നൂറിൽ തൊണ്ണൂറ് ശതമാനം സ്ത്രീകളും നാലുചുവരിനുള്ളിൽ ഒറ്റപ്പെട്ട് പോകുന്നവരാണ്. മറ്റുള്ളവരുടെ ഇഷ്ടങ്ങൾ അനുസരിച്ച് ജീവിക്കുമ്പോൾ അവൾ നല്ലവളും സ്വന്തം ഇഷ്ടങ്ങൾക്കനുസരിച്ച് ജീവിക്കുമ്പോൾ അവൾ തന്നിഷടക്കാരിയുമാണ്.സ്ത്രീകൾക്ക് എല്ലാക്കാര്യങ്ങളിലും അവസരങ്ങളുണ്ടെങ്കിലും അത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ചെറുപ്രായത്തിൽ തന്നെ ഉത്തരത്വങ്ങളുടെ താലിച്ചരട് കഴുത്തിലണിയുന്ന അവൾക്ക് അത് ഒരേസമയം സന്തോഷവും വിഷാദവും നല്കുന്നു.ഒന്ന്, പുതിയൊരുജീവിതത്തിന്റെ തുടക്കം. മറ്റൊന്ന്, സ്വന്തമിഷ്ടങ്ങളും അഭിപ്രായങ്ങളും വിലയിരുത്തി , കളിച്ചുചിരിച്ച് നടന്നിരുന്ന ഒരുകാലത്തിന്റെ അവസാനം.

സ്വന്തം ഉത്തരവാദിത്വങ്ങളും പേറി, അടുക്കളയിൽ സ്വാദും നടുക്കളത്തിൽ കുട്ടുകാരിയുമൊക്കെയാകുന്ന അവൾ അടുക്കളയുടെ നാലുചുവരിലൊറ്റപ്പെട്ടുപോകാരാണ് പതിവ്.ഇന്ന് സമൂ ഹ ത്തിൽ സ്ത്രീകൾ നേരിടുന്നത് വലിയവിപത്താണ്. തനിയെ പുറത്തിറങ്ങാൻ പോലുമുള്ള അവകാശം അവൾക്കില്ലാതിരുന്നു. പെണ്ണിന്റെ മാനത്തിന് പുല്ലുവില കൽപ്പിക്കുന്ന കാമംപൂണ്ട നായ്ക്കൾ ഇരുട്ടിൽ പതിയിരുന്ന് അവളെ ആക്രമിക്കും. സമൂഹത്തിനുമുൻപിൽ കുറ്റവാളി ആ... നായ്ക്കളല്ല മറിച്ച് സ്വന്തം അഭിമാനത്തിനായി നിലവിളിച്ച സ്ത്രീകളാണ്. അവർ അവളെ കൂകിവിളിക്കുന്നു. ഒരവസരത്തിനായ് കാത്തുനിൽക്കുന്നു. സ്ത്രീകൾ എന്നല്ല കിട്ടികൾക്കുപോലും

പുറത്തിറങ്ങാൻ പറ്റാത്ത കാലമാണ് ഇന്നത്തേത് . ഒരുമുൻപരിചയവുമില്ലാത്ത കുടുംബത്തിനുവേണ്ടി സ്വന്തം നാടും കളിച്ചുവളർന്ന മണ്ണും പ്രിയപ്പെട്ടതുമെല്ലാം വിട്ടെറിഞ്ഞ് ജീവിതം നയിക്കുന്നവളാണ് പെണ്ണ് .മറ്റുള്ളവരുടെ ആഗ്രഹത്തിനുമുൻഗണ നല്കുന്ന അവളുടെ മനസ്സ് കാണേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഒരു പെണ്ണ് പെണ്ണാകുന്നത്, മുഖംനോക്കി ചാരുതനോക്കി, ഉടലഴകുനോക്കി ഭംഗിയളക്കുമ്പോഴോ, കാർക്കുന്തൽ നോക്കി വശ്യതവർണ്ണിക്കുമ്പോഴോ, അല്ല. മറിച്ച്, എല്ലാവരും തൊടാൻമറന്ന അവളുടെ മനസ്സ് തൊട്ടറിയുമ്പോഴാണ്. ജാൻസിറാണിയെപ്പോലുള്ളവർ, നേരിടുന്ന സ്വാതന്ത്ര്യം പെണ്ണിൻെറ മാനത്തിനുകൂടിയുള്ളതാണ് അതെന്ന് മനസ്സിലാക്കുമ്പോൾ മാത്രമേ സ്ത്രീ കുടുംബത്തിലും സമൂഹത്തിലും സ്വതന്ത്ര്യയാകൂ.......

# ദാരിദ്ര്യം

സമയം കടന്നുപോയിരിക്കുന്നു. ഇരുട്ടിൽ രണ്ടുകണ്ണുകൾ മിന്നിനിൽക്കുന്നു. എവിടെയോ ഇരുന്ന് ചീവീട് കരയുന്ന ശബ്ദം . പെട്ടന്ന് ഒരു ശബ്ദം ആവൻ പകച്ചുപോയി ആവന്റെ നെറ്റിയിലൂടെ വിയർപ്പിൻ തുള്ളി വീണു ആവൻ ആകുട്ടൻ കാട്ടിലാണെന്ന സത്യം തിരിച്ചറിയുന്നു വഴി ആറിയില്ല എന്നിട്ടും പതുക്കെ നടന്നു ഒരു പുഴയുടെ ആരികിലെത്തി ആവിടെ ആ തണുത്ത വെള്ളം മുഖത്തേക്ക് ഒഴിച്ചുആതണുപ്പില്അവന്റെഓര്മ്മകളിലേക്ക്പുന്നപാടത്ത്എന്നചെറുവീട്.അവിടെ സുന്ദരിയായ പുഴ. കുട്ടാപ്പു ഇവിടെ വാ എവിടെയാ എന്താ ?ഈപുഴയിലേക്ക് വാ .നിനക്ക് അറിയുമോ ? ഇല്ല ഞാൻ പഠിപ്പിക്കാം . അവൻ പതുക്കെ ഇറങ്ങി തണുപ്പായതിനാൽ രോമം നൃത്തം ചെയ്യാൻ തുടങ്ങി .പെട്ടെന്ന് ഒരു ശബ്ദം .അവൻ പേടിച്ച് പുഴയിൽ നിന്ന് കയറി .ഓടി എത്തുന്നത് ഒരു ഗ്രാമത്തിലേക്ക് . അവിടെ അവർ അവന് കഴിക്കുവാനും ധരിക്കുവാനും നൽകി.രാത്രിയുടെ കൂരിരുട്ടിൽ അവൻ ഏങ്ങി കരയുന്നു .സുബ്രു എന്ന ബാലൻ ഇതുകാണുന്നു .അവൻ കാര്യം അന്വേഷിക്കുന്നു .അവൻ അവനോട് സ്വന്ദം കഥ പറയുന്നു .പുന്നപാടത്ത്



എന്ന ഗ്രാമത്തിലാണ് ഞാൻ ജനിച്ചത് .അമ്മയില്ല .എനിക്ക് ഏഴ് വയസ്സ് ഉള്ളപ്പോഴാണ് അച്ഛന് ജോലി നഷ്ടപ്പെട്ടത് . പിന്നെ ഒരു ദിവസം ഒരു കാററു പോലെ അച്ഛന് ഒരു മാരക രോഗം വന്നു . വീട്ടിൽ ദാരിദ്ര്യം വന്നു . പിന്നെ ഒരു ദിവസം ഒരു കാറ്റുപോലെ അച്ഛന് ഒരു മാരകരോഗം വന്നു .വീട്ടിൽ ദാരിദ്ര്യം വന്നു ഒരു ദിവസം കഴിക്കുവാൻ ഒന്നും ഇല്ലായിരുന്നു .അങ്ങനെ കുറച്ചുദിവസം ഗ്രാമത്തിലുള്ളവർ നോക്കി .എന്നാൽ എല്ലാ.പുഴയിലിറങ്ങിയ അവൻ പിന്നെ വന്നില്ല .അവന്റെ അച്ഛന്റെ ശവം ഇതെല്ലാം അറിഞ്ഞുകൊണ്ടേ ഇരുന്നു ദിവസം അങ്ങനെ പററില്ലായെന്നായി .അച്ഛനെ എനിക്ക് നോക്കണം .അതിനായി ഞാൻ ഒരു കള്ളനായി മാറി .ഒരു ദിവസം ഞാൻ കൊള്ളയടിക്കാൻ കയറിയ വീട് ഒരു പോലീസ്സുകാരുടെ വീടായിരുന്നു .അവിടെ ഒരു കാഹളം പോലെ അവിടെ ആ പ്രദേശം മുഴവനായിരുന്നു . പിന്നെ ഞാൻ ഇവിടെ .അച്ഛൻ അറിയുന്ന ദിവസം അച്ഛൻ നെഞ്ചുപൊട്ടി മരിക്കും.അതുഒഴിവാക്കാൻ വേണ്ടിയാണ് ഞാൻ ഒളിവിൽ കഴിഞ്ഞത് .നാളെ ഞാൻ ഈപണവുമായി വീട്ടിലെത്തും.യാത്രപറയുന്നില്ല.ഞാൻ ഇപ്പോതനിയെ പോകുന്നു .രാത്രിയുടെ കൂരിരുട്ടിൽഅവന്റെ കാൽപ്പാട് .രാവിലെ വീടിനു മുന്നിൽ ആൾക്കൂട്ടം .അവൻ പതുക്കെ നടന്നു .നിലവിളി മാത്രം .അവൻ എല്ലാം അറിഞ്ഞു .പെട്ടന്നൊരു അടി മുതുകത്തുവീണു .അവൻ പേടിച്ച് തിരിഞ്ഞു. നോക്കിയപ്പോൾ പോലീസ് .അവൻ മെല്ലെ എഴുന്നേറ്റു .അവനെ കയ്യിൽ രണ്ട് വിലങ്ങുകൾ .അവൻ അവരോട് അപേക്ഷിച്ചു .അച്ഛനെ ഒരുനോക്ക് കണ്ടോടെ എന്ന് .അവർ സമ്മതിതച്ചു .അവൻ അടുത്തു വന്നിരുന്നു .അവൻ കരഞ്ഞില്ല .ആ നെറുകയിൽ ഒന്ന് ചുംബിച്ചു .അവനേയും കൊണ്ട് പോലീസ്സുകാർ നടന്നു .പോകുന്ന വഴിയിൽ ആ പുഴയിൽ ഒന്ന് നോക്കി .ആ പുഴയിൽ ഒന്ന് ഇറങ്ങണമേന്ന് അവൻ ആവശ്യപ്പെട്ടു .അവർ സമ്മതിച്ചു .പുഴയിലിറങ്ങിയഅവൻ പിന്നെ വന്നില്ല .അവന്റെ അച്ഛന്റെ ആത്മാവ് ഇതെല്ലാം അറിഞ്ഞുകൊണ്ടേ ഇരുന്നു............

**നയനാ പ്രമോദ് 10 A**

# ഇളം നാമ്പുകളിലൂടെ യുഗപിറവി

ഘടികാരത്തിൽ സൂചിമുനകൾ അതിവേഗം പാഞ്ഞു പോകുന്നു. കാലക്രമേണ മാറ്റങ്ങൾ സൃഷ്ടിക്കുന്ന നാടും വീടും കാലത്തിനൊപ്പം മാറുന്നു. മാറ്റത്തിന്റെ ഈ യുഗ പിറവിയിൽ ആയിരുന്ന കോച്ചു കേരളത്തിൽ ഇന്ദ്രന്റെ വജ്രായുദ്ധം പോലെ പ്രളയം നമ്മെ ആക്രമിച്ചത് ഈ അവസരത്തിൽ നവകേരളം നിർമ്മിതി അനിവാര്യമായിരിക്കുന്നു

പ്രളയത്തിന് കാരണം എന്ത്? ആര്? ഇതിന് ഉത്തരങ്ങ വിരൽ ചൂണ്ടുന്നത് മനുഷ്യരിലോക്കാണ് . അതെ നമ്മൾ ഓരോരുത്തരിലേക്കും ആണ് . പണം എന്ന മാന്ത്രികവലയത്തിൽ പെട്ട് മനുഷ്യൻ ഭൂമിയെ മറന്ന് പ്രവർത്തിക്കുന്നു. ജിവൻ തുടിപ്പുകളായ വൃക്ഷലദാകളെ വെട്ടിമാറ്റുന്നു. വിളസമൃദ്ധമായ കൃഷി ഭൂമികൾ നികത്തുന്നു. പടുകൂറ്റൻ മാളുകൾ നിർമ്മിക്കുന്നു. അങ്ങനെ എല്ലാം ആയ പ്രകൃതിയെ മറക്കുന്നു. ഓലകുടിലുകൾക്കും പകരം കോൺക്രീറ്റ് കെട്ടിടങ്ങൾ വന്നപ്പോൾ മനുഷ്യർക്കു സുഖനിദ്ര എന്നനേക്കുമായി ഇല്ലാതായി. മരച്ചില്ലകളിൽ ഇലകൾക്കു പകരം മാലിന്യകവറുകൾ കുമിഞ്ഞുകൂടി നദിതടങ്ങൾ വിഷമിശ്രിതമായി. ആകപ്പാടെ പ്രകൃതിതകിടം മറഞ്ഞു. കാലാവസ്ഥ മാറിമറഞ്ഞു. കൊടും വേനലും തോരാമഴയും മാറിമാറി വന്നു. ഇവിടെയാണ് വിദ്യാർത്ഥികളായ നാം ഓരോരുത്തരുടെയുംപങ്ക്.ആദ്യമായി വേണ്ടത്തിരിച്ചറിവാണ്.സമൂഹത്തിന്റെ വിവിധതലങ്ങലിൽ ബോധവൽക്കരണം ക്ലാസുകൾ നടത്തി വിദ്യാർത്ഥികൾക്ക് നവകേരളനിർമ്മിതിയിൽ പങ്കാളികളാകാം. ഇതിലൂടെ അനേകായിരങ്ങളെ ഇതിൽ ഉൾപ്പെടുത്താം . സ്കൂൾ തലത്തിൽ സ്കൂൾ തലത്തിൽ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് പരിസരങ്ങളിൽ നിന്നു പ്ലാസ്റ്റിക് മുതലായ മാലിന്യവസ്തുക്കൾ ശേഖരിച്ച് സർക്കാരിന് കൈമാറാം. ഓരോ സ്കൂളിൽ സ്വന്തമായി ഒരു നിശ്ചിതസ്ഥലം കൃഷിക്കായി മാറ്റിവയ്ക്കണം അത് വിദ്യാലയത്തിലെ എല്ല കുട്ടികൾക്കുള്ളതായിരിക്കണം ഓരോകുട്ടിക്കുംഓരോചെടിവീതം.അംഗസംഖ്യകൂടുന്നതിനലും മുതിർന്നവരുടെ

നിർദ്ദേശം ലഭികുന്നതുകൊണ്ടും, ചെടികൾക്ക് അനിവാര്യമായ പരചരണം ലഭിക്കുന്നു. ഓരോ സമയം വിവിധ ഇനം പച്ചക്കറികളും, പൂക്കളും, കൃഷിചെയുന്നതിനാൽ പ്രകൃതിയുമായി ഇമങ്ങിചേർന്ന ഒരു യുവതലമുറയെ സൃഷ്ടിക്കാനും ഈ പ്രവർത്തിയിലൂടെ സാധിക്കും ഈ ഇനങ്ങൾ വിപണിയിൽ എത്തിക്കുന്നതോടെ ആരോഗ്യസംപുഷ്ടമായ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ സാധിക്കുന്നു. ഇതിലൂടെ വനമശീകരണം തടയാൻ ഒരു പകുതിവരെ സാധിക്കും വിദ്യാർത്ഥികൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് പ്ലാസ്റ്റിക് പേനകളാണ് ഇവയ്ക്കുപകരം വിദ്യാർത്ഥികൾ തന്നെ നിർമ്മിക്കുന്നപേപ്പർ പേനകൾ ഉപയോഗിക്കാം. ഇതിലൂടെ സമൂഹത്തിന്റെ നിക്ഷേപ്പിക്കുന്ന മാലിന്യങ്ങളിൽ ഒരംഗം ഇല്ലാതാക്കണം.

ഒരു മരം വേട്ടിമാറ്റപ്പെട്ടുമ്പോൾ അതിനു പകരം മറ്റൊന്ന് നട്ടുപിടിപ്പിക്കണം വിദ്യാർത്ഥികളിൽ സമൂഹത്തെയും ഉദ്ബോധിപ്പിക്കണം. സ്വയം മാതൃക കാട്ടികൊടുക്കണം. കുട്ടികൾ സ്കൂളുകളിലേക്ക് വരുവാൻ വിദ്യാർത്ഥികൾ പൊതു ഗതാഗത സംവിധാനമോ സൈക്കിളോ സ്വീകരിക്കണം അങ്ങനെ വായു മലിനീകരണം കുറയ്ക്കാം പ്രളയം നമുക്ക് വരുത്തി തീർത്ത വിപത്തിനെ ഒരു തിരിച്ചറിവിന്റെ മാർഗ്ഗമായി സ്വീകരിക്കാം. അതില്ലാതാക്കിയ പുഞ്ചിരികൾ ഇനിവരും കാലങ്ങളിൽ നന്മയുടെ പ്രവർത്തികളാൽ നമ്മുക്ക് തിരികെ കൊണ്ടുവരാം. നാം വിദ്യാർത്ഥികളാണ് ഭാവിജീവിതം നമ്മുടെ കൈകളിലീണ്, അതിനെ ഇല്ലാതാക്കാൻ നാം അനുവദിക്കരുത്. പൂർവ്വികർ നമ്മുക്ക് പകർന്ന് തന്ന അതെ പരിശുദ്ധിയോടെ പ്രകൃതിയെ വരും തലമുറയ്ക്കാം പകർന്ന് നൽകുവാൻ നമുക്ക് കഴിയണം.ഇത്തരത്തിൽ സമൂഹത്തിന്റെ വിവിധ തലത്തിൽ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ഒരു നവകേരള നിർമ്മിതിക്കായി വിദ്യാർത്ഥികളായ നമുക്ക് കൈകോർക്കാം സൃഷ്ടിക്കാം നവകേരളത്തെ.



ഗ്ലോറിയ സജി

10 B

# അതിജീവനം

പുത്തൻ സാങ്കേതിക വിദ്യകളുടെഉപയോഗത്തിനും പുരോഗമനമേഖലയിലുവളരെയേറെ മുന്നിട്ട നിൽക്കുന്ന ഒരു രാജ്യമാണ് ഭാരതം. ഭാരതത്തിൽ വിദ്യാഭ്യാസമേഖലയിൽ വളരെയേറെ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ദിനം പ്രതി കേരളം പുരോഗതിയിലേക്ക് കുതിച്ചുയരുന്നു. എന്നാൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സംഭവിച്ച മഹാപ്രളയത്തിൽ കേരളത്തിന് വളരെയേറെ നാശനഷ്ടങ്ങൾ നേരിടേണ്ടിവന്നു. പക്ഷെ കേരളീയർ എല്ലാവരും ജാതി മതഭേതമന്യേ ഒരുമയോടും ഐക്യത്തോടും കൂടി അതിനെ നേരിടുകയും ചെയ്തു.

ഈ മഹാപ്രളയത്തിൽ എല്ലാവരും എല്ലാവർക്കുമായി പ്രവർത്തിച്ചു. രക്ഷാപ്രവർത്തനത്തിനും ഏവരും സഹായിക്കുകയും ചേയ്തു. മുഖ്യ മന്ത്രി സ്രഷ്ടിച്ച ദുരിതാശ്വാസ നിധിയിലേക്കും പവരും വലിയ തുകകൾ സംഭാവനയായി നൽകി. സാലറി ചലഞ്ച് പോവുള്ളവ പല ഉദ്യേഗസ്ഥരും നേരിടേണ്ടിവന്നു. എങ്കിലും ഈ ഒരുമയുടേയും ഐക്യത്തിന്റെയും ഫലമായി നാം പ്രളയത്തെ മറികടന്ന് നവകേരള സൃഷ്ടിയിൽ പങ്കാളിയായി.

ഈ പ്രളയദുരിതാശ്വാസനിധിയിലേക്ക് വിദ്യാർത്ഥികൾ നൽകിയ സംഭാവനകൾ ഒട്ടും ചെറുതല്ല. തങ്ങൾക്കും ഇതു സാധിക്കുമെന്ന് കുട്ടികൾ കാണിച്ചു തന്നു. അവർ തങ്ങളായാലും വിധം പണം ശേഖരിച്ചു നൽകി.

സാമൂഹിക മേഖലയുടെ പുരോഗതിക്ക് കുട്ടികൾ വഹിക്കുന്ന പങ്ക് ഒട്ടും ചെറുതല്ല. പണ്ട് നമ്മുടെ നാട്ടിൽ ക്രഷിയുണ്ടായിരുന്നപോൾ നമുക്കെല്ലാമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ വിശപ്പടക്കാൻ അന്യനാടിനെ ആശ്രയിക്കേണ്ട അവസ്ഥ എത്തിയിരിക്കുന്നു. കിട്ടുന്ന ഭക്ഷണവസ്തുക്കളിൽ വിഷാംശം കൂടുതലും. ഇതിനെ മറികടക്കാൻ വിദ്യാർത്ഥികൾ തങ്ങളുടെ വിദ്യാലയങ്ങളിലും ഭവനങ്ങളിലും തങ്ങളാലാവും

വിധം കൃഷി ചെയ്തുവരുന്നു. ട്രാഫിക്ക് നിയമങ്ങളെക്കുറിച്ച് മറ്റുള്ളവരെ ബോധവന്മാരാക്കുന്നതിനുവേണ്ടി അവർക്ക് ബോധവത്കരണക്ലാസ്സുകളും തെരുവുനാടകങ്ങളും നടത്തുന്നു. വിദ്യാർത്ഥികളുടെ കലാകായിക വാസനകൾ വളർത്തിയെടുക്കുവാനായി സ്കൂൾ തലങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക്ക് ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മറ്റുള്ളവരെ ബോധവാന്മാരാക്കുന്നു.

വിദ്യാർത്ഥിസംഘടനകൾ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഇതിലൂടെ അവർ സമൂഹത്തിന് പ്രയോജനപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നു. സമൂഹത്തിൽ നടക്കുന്ന തിന്മകളെ ചൂണ്ടികാണിക്കുകയും അതിനെതിരെ ശക്തമായി പ്രതികരിക്കുകയും ചെയ്യുന്നു. അതിനായി റാലികളും തെരുവുനാടകങ്ങളും നടത്തുന്നു. നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾക്കും അവർക്കാവശ്യമായതും നൽകുന്നു. അതോടൊപ്പം സുഹൃത്തിനൊരു വീട് എന്നപോലെ തന്നാലാവും വിധം പണം ശേഖരിച്ച് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകുകയും ചെയ്യുന്നു. മാത്രവുമല്ല നിരവധി പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ നടത്തിവരുന്നു.

'പുതിയലോകം ഒരു പുതിയകേരളം' എന്ന അപതവാക്യം മനസ്സിൽ കുറിച്ചിട്ടുകൊണ്ട് വിദ്യാർത്ഥികൾ നമ്മുടെ കൊച്ചു കേരളത്തിന് വേണ്ടി നടത്തുന്ന കൊച്ചു നല്ല കാര്യങ്ങൾ ഒരു വലിയ നന്മയിലേക്കാണ് നീങ്ങുന്നത്. അവരുടെ ഓരോ സേവനങ്ങളും വിലയേറിയതാണ്. ഇതിന് വളരെ വലിയ ഉദാഹരണമാണ് ആഗോള താപനം കൂടുന്നതിലൂടെ ഉണ്ടാകുന്ന പ്രതിഫലങ്ങൾക്കെതിരെ പ്രഷേധിച്ച ഗ്രേറ്റ എന്ന പെൺകുട്ടി. ഈ പുതുതലമുറയിലെ വളരെയധികം കുട്ടികളും തങ്ങളുടെ രാജ്യ പുരോഗതിക്കായി അക്ഷീണം പ്രവർത്തികകുന്നു. ഭാവിയുടെ വാഗ്ദാനങ്ങളായ ഇവർ നവകേരള സൃഷ്ടിയാൽ ചെയ്യുന്ന കാര്യങ്ങൾ ഒട്ടും ചെറുതല്ല. ഈ കുട്ടികളുടെ അക്ഷീണ പരിശ്രമം മൂലം നമ്മുടെ നാട് പുരോഗതിയിലേക്ക് നീങ്ങുമെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം. നാളയുടെ വാഗ്ദാനങ്ങളായ ഇവർ നമ്മുടെ കേരളമാകെ ഒരു



സ്വർഗമാക്കി തീർക്കണമെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം. അതിനായി അവരെ പ്രോത്സാഹിപ്രിക്കാം. ജെനിഫർ ഏലിയ ജോസ് 10 B

# എന്റെ ബാല്യകാല സ്മരണകൾ

എന്റെ ബാല്യസ്മരണ എന്റെ അച്ഛനും അമ്മയും ആണ്. കഷ്ടപ്പാടുകൾക്കിടയിലും ഞാൻ നന്നായി പഠിക്കണ്ടേ എന്ന് വിചാരിച്ച് എന്നെ ഹോസ്റ്റലിൽ ചേർക്കുവാൻ അമ്മ തീരുമാച്ചപ്പോൾ എന്റെ മനസ്സിൽ ഞാൻ ഏതുവഴിയിൽ കൂടി പോകണം എന്ന് അറിയാതെ നിൽക്കുന്ന ഒരു സമയമായിരുന്നു അത്. എന്റെ പപ്പയുടെ ജോലിയുടെ കഷ്ടപ്പാടുകൾ കണ്ടതുകൊണ്ടും അമ്മയുടെ സങ്കടം കണ്ടതുകൊണ്ടും ഞാൻ ഹോസ്റ്റലിൽ നിൽക്കാൻ തീരുമാനിച്ചു. പിന്നെ ഹോസ്റ്റലിൽ ചേർന്നു. ആദ്യത്തെ ദിവസം ഒരു കുഴപ്പവുമില്ലാതെ പോയി. പക്ഷെ രണ്ടാമത്തെ ദിവസം എന്റെ ഹൃദയം പൊട്ടിപോവുന്നതു പോലെ തോന്നി. കാരണം, അച്ഛനോടും അമ്മയോടും കാണാനോ, മിണ്ടാനോ കഴിയാതെ ഞാൻ കരഞ്ഞു. കരഞ്ഞിട്ടും എന്റെ ഉള്ളിലെ വേദന മാറിയില്ല. ഞാൻ ഒട്ടും വിചാരിക്കാതെ എന്റെ പപ്പയും അനുജത്തിയും എന്റെ മുമ്പിൽ വന്നു. ഈ ലോകം എന്റെ കൈയ്യിൽ ആയതുപോലുള്ള ഒരു സന്തോ[...] എന്റെ സങ്കടം കണ്ടിട്ട് മാതാവയച്ചതായിരിക്കും എന്ന് ഞാ[...] ഞാൻ എന്റെ അച്ഛനേയും, അനുജത്തിയേയുംകാ[...]വരെ എന്റെ പ്രാർത്ഥനഎന്റെ അച്ഛനോടും അമ്മയോടും [...] കഴി ഞ്ഞിരുന്നെങ്കിൽ മതിയായിരുന്നു എന്നായിരുന്നു. [...] കണ്ട നിമിഷമായിരുന്നു എന്റെ ജീവിതത്തിലെ ഒരു [...] എന്നു പറയുവാൻ ഉള്ളത്.



എന്ന്, അലീന ഫിലിപ്പ്

# കാത്തിരിപ്പ്

നീളുന്ന മണിയൊച്ച ഉയരുന്നതിൻ മുൻപായ്
നിന്നൊച്ച കേൾക്കുവാൻ കാത്തിരുന്നു.
എന്നുമുണർന്നെണീൽക്കുന്നതു നിന്നുടെ മുഖമൊന്നു
കാണുവാൻ മാത്രമല്ലോ......എന്താണു വൈകുന്നതെന്നു ഞാൻ
നോക്കവെ അറിയാത്തൊരാൾക്കൂട്ടം കടന്നുവന്നു.
വിലങ്ങണിയിച്ചൊരാ കള്ളനെയെന്നപോൽ ചുറ്റും കയറിനാൽ
വരിഞ്ഞിടുന്നു........യന്ത്രത്തിൽ കറുകറാ ശബ്ദം ഞാൻ
കേൾക്കുന്നു യന്ത്രമായ് മാറിയ മാനുഷരും.
വെട്ടി മാറ്റുന്നതെന്തിനെന്നെ..
വെട്ടി മാറ്റുന്നതെന്തിനെന്നെ...
ഈർച്ചതൻ മൂർച്ചയിൽ പുളഞ്ഞു
ഞാൻ നിൽക്കവേ ഓർമ്മകൾ
തലോടിത്തരിച്ചു നിന്നു..........
മുറിക്കല്ലു പെൻസിലും കുപ്പിവളപ്പൊട്ടും
ഡപ്പിയിലാക്കി നീ ഓടിയതും.
തട്ടിവീണതും മുട്ടുപൊട്ടിയതും
എട്ടുദിക്കും പൊട്ടുമാറുച്ചത്തിൽ
പൊട്ടിക്കരഞ്ഞതും........ സാറ്റുകളിച്ചതും
സാറ്റുകളിച്ചതും ളുണായ് ഞാൻ നിന്നതും
കാറ്റാടിയോട്ടവും.. ആട്ടവുംപാട്ടുമായ്
ഒത്തുചേർന്നിരുന്നതും 'എ' ഗ്രേഡിൻ

ബാഡ്ജുകൾ കുത്തിനടന്നതും.
പൊട്ടക്കഥകളും പൊട്ടിച്ച
മാഷിന്റലർച്ചയിൽ ഞെട്ടി വിറച്ചതും.......
നിന്നോട്ടമത്സരത്തിന്നായി ഞാനുമേ
കാത്തിരുന്ന 'സ്റ്റാർട്ടെ'ന്നുപറയുവാൻ.
വൺട്ടൂത്രീയൊച്ചയും കയ്യടി ശബ്ദവു
എന്നെയും പുളകിതയാക്കിയില്ല..........
മാറിട്ട നീ വേഗം മാറിട്ട നീ..........
വെട്ടിപ്പൊളിക്കുമെൻ മാറിൻറ്റട്ടുത്തുനി
ന്നൊട്ടു ദൂരെ നീ മാറി നിൽക്കൂ......
ഇല്ലെങ്കിൽ തെറിച്ചു വീണിടാം ചില
'ഹാമറുകൾ' ഓർമ്മയായ് അഫീലിൻ
സ്വപ്നങ്ങളും.................. കാത്തിരിക്കും
ഞാൻ കാത്തിരിക്കും പൊട്ടി
മുളക്കുവാൻ കാത്തിരിക്കും ...
പൊട്ടിത്തളിർക്കുവാൻ
പൊട്ടിച്ചിരിക്കുവാൻ. നിൻ
പൊട്ടിച്ചിരിക്കായ്ഞാൻ
**കാത്തിരിക്കും..............**



**പ്രിയ ടീച്ചർ**

# നന്ദിപൂർവ്വം

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ രണ്ടാമത്തും ഒരു ഡിജിറ്റൽ മാഗസിൻ തയ്യറാക്കാൻ കഴിഞ്ഞതിൽ അഭിമാനവും സന്തോഷവുമുണ്ട്.ഇപ്രാവശ്യം **“SMILEY FONTS"**എന്ന മാഗസിൻ തയ്യാറാക്കുവാൻ മുൻവർഷത്തെ പോലെ അത്ര ബുദ്ധിമുട്ട്അനുഭവപ്പെട്ടില്ല. കുട്ടികൾക്ക് ഡിജിറ്റൽ മാഗസിനെ കുറിച്ച് ഒരു ഏകദേശ ധാരണയുണ്ടായി. അതുകൊണ്ട് മാഗസിൻ തയ്യറാക്കാൻ എല്ലാവർക്കും ഉത്സാഹമായിരുന്നു.പ്രസിദ്ധീകരണത്തിനുവേണ്ട തയ്യാറെടുപ്പുകൾക്ക് പരിശീലനം തന്ന്,കുട്ടികളെ എങ്ങനെ ഡിജിറ്റൽ സാധ്യതകൾ ഉപയോഗപ്പെടുത്താം എന്നു ബോധ്യപ്പെടുത്തി തന്ന ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയ്ക്ക്

## ഒരായിരം നന്ദി......നന്ദി............

